നം.കെ.എസ്.എ.പി.റ്റി.എ.പി8-1039/2017 തീയതി :11.09.2017

പത്തനംതിട്ട ജില്ലയിലെ കോയിപ്രം ഗ്രാമപ്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കോയിപ്രം ഗ്രാമപ്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 04.01.2017 മുതൽ 25.07.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപ്പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമുണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 26.07.2017 മുതൽ 02.08.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീ.എൻ.പ്രദീപ്കുമാർ, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി സൂര്യപ്രഭ പി.സി., അസി.ഓഡിറ്റ് ഓഫീസർ<br>ശ്രീ.ബി. ഹരികുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.പി.അനിൽകുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.മോൻസി കിഴക്കേടത്ത് | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീമതി കെ.മിനിഭായി | 01.04.2016 മുതൽ 31.05.2016 വരെ |
| | ശ്രീ.ഷാജി എ. തമ്പി | 01.06.2016 മുതൽ 09.09.2016 FNവരെ<br>അസി.സെക്രട്ടറി (ഇൻ ചാർജ്ജ്) |

| | |
|---|---|
| ശ്രീമതി ശാന്തകുമാരി ജി. | 09.09.2016AN മുതൽ 13.11.2016 വരെ<br>അസി.സെക്രട്ടറി (ഇൻ ചാർജ്ജ്) |
| ശ്രീ.ഷാഹുൽ ഹമീദ് | 14.11.2016 മുതൽ 20.11.2016 വരെ<br>ജൂനിയർ സൂപ്രണ്ട് , PAU3(ഇൻ ചാർജ്ജ്) |
| ശ്രീ.ഷാജി എ. തമ്പി | 21.11.2016 മുതൽ 26.11.2016 FN വരെ<br>അസി.സെക്രട്ടറി (ഇൻ ചാർജ്ജ്) |
| ശ്രീമതി ഷീജ വി.ജി | 26.11.2016മുതൽ 31.03.2017 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും ഗ്രാമപഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ് - 2016-17
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2016-17
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2016-17

ഉള്ളടക്കം

| *ക്രമ നം.* | *വിഷയം* | *ഖണ്ഡിക നം.* |
|---|---|---|
| | ഭാഗം-1 | |

| | | |
|---|---|---|
| 1 | ബഡ്ജറ്റ് | 1-1 |
| 2 | ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ | 1-2 |
| 3 | ദുരിതാശ്വാസനിധിയുടെ നടത്തിപ്പ് തൃപ്തികരമല്ല | 1-3 |
| 4 | ആഭ്യന്തര നിയന്ത്രണം | 1-4 |
| 5 | വാർഷിക ധനകാര്യപത്രിക | 1-5 |
| 6 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-6 |
| 7 | സാമ്പത്തിക വിശകലനം | 1-7 |
| 8 | ഫണ്ട് വിനിയോഗം | 1-8 |
| 9 | പദ്ധതി അവലോകനം | 1-9 |
| 10 | തനത് വരുമാനം | 1-10 |
| 11 | ക്യാഷ് വെരിഫിക്കേഷൻ | 1-11 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 |
| | ഭാഗം 2 | |
| 13 | കെട്ടിടങ്ങളുടെ ഉപയോഗ ക്രമത്തിലെ മാറ്റങ്ങൾക്കനസൃതമായി വസ്തു നികുതി ഈടാക്കുന്നില്ല- പഞ്ചായത്തിന് വരുമാന നഷ്ടം | 2-1 |
| 14 | ഷോപ്പിംഗ് കോംപ്ലക്സ് വാടകയിനത്തിൽ 2016-17 ൽ പിരിഞ്ഞു കിട്ടുവാനുള്ളത് 67168 രൂപ | 2-2 |
| 15 | തൊഴിൽനികുതി പിരിച്ചെടുക്കുവാൻ ബാക്കിനിൽക്കുന്നു | 2-3 |
| 16 | കാലഹരണപ്പെട്ട ജാമ്യ നിക്ഷേപം പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല; സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ അലക്ഷ്യമായി സൂക്ഷിക്കുന്നു | 2-4 |
| 17 | പരസ്യനികുതി പിരിക്കുന്നില്ല | 2-5 |
| | ഭാഗം 3 | |
| 18 | കടിവെള്ളക്ഷാമം രൂക്ഷമായിട്ടും കിണർ റീചാർജിംഗിന് പ്രവൃത്തികൾ ഏറ്റെടുക്കുന്നില്ല. | 3-1 |

| | | |
|---|---|---|
| 19 | റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ - വാർഡ് അടിസ്ഥാനത്തിൽ വിഭജിക്കപ്പെടുന്നു | 3-2 |
| 20 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് പരമാവധി സ്കോളർഷിപ്പ് നൽകുന്നില്ല. | 3-3 |
| 21 | ടെണ്ടർ നടപടികൾ സുതാര്യമല്ല - പരമാവധി പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്യുന്നതിന് നടപടിയില്ല. | 3-4 |
| 22 | കുടിവെള്ളം മലിനമായതായ പരാതി ഗ്രാമപഞ്ചായത്ത് അവഗണിച്ചു | 3-5 |
| 23 | പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് ചട്ടം നടപ്പിലാക്കിയില്ല | 3-6 |
| 24 | പൊതു ടാപ്പുകളുടെ വെള്ളക്കരം- വാർഷിക ബാദ്ധ്യത 14.39ലക്ഷം രൂപ | 3-7 |
| 25 | തെരുവ് വിളക്കുകളുടെ പരിപാലനം; വൻ തുക പാഴ്ചെലവാകുന്നു - അടിയന്തിര നടപടി അനിവാര്യം | 3-8 |
| 26 | വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - നിർവ്വഹണ വിവരങ്ങൾ ലഭ്യമല്ല | 3-9 |
| 27 | ലാബ് ഉപകരണങ്ങൾ ലഭിച്ചിട്ടും പി.എച്ച്.സിയിൽ നാളിതുവരെ ലാബ് സജ്ജീകരിച്ചിട്ടില്ല | 3-10 |
| 28 | ക്വട്ടേഷൻ ക്ഷണിക്കാതെ ഉപകരണങ്ങൾ വാങ്ങി | 3-11 |
| 29 | ആധുനിക വാതക ശ്മശാനം നിർമ്മിക്കുന്നതിന് നടപടിയില്ല | 3-12 |
| 30 | പാനമുറി നിർമ്മാണം - അസിസ്റ്റന്റ് എഞ്ചിനീയർ അളവ് രേഖപ്പെടുത്താതെ ആനുകൂല്യം നൽകി | 3-13 |
| 31 | കുടുംബശ്രീ മിഷനിൽനിന്നും ലഭിച്ച കാർഷിക ഉപകരണങ്ങൾ പ്രയോജനപ്പെടുത്തുന്നില്ല | 3-14 |
| 32 | ആസ്തി രജിസ്റ്റർ പൂർണ്ണമല്ല | 3-15 |
| 33 | പ്ലാസ്റ്റിക് ഷ്രഡിംഗ് മെഷീൻ; 4.6 ലക്ഷം രൂപയുടെ ചെലവ് നിഷ്ഫലമായി | 3-16 |

| | | |
|---|---|---|
| 34 | തുക മുൻകൂറായി നൽകിയെങ്കിലും മരുന്നുകൾ, പാലിയേറ്റീവ് കെയർ രോഗികൾക്കാവശ്യമായ ഉപകരണങ്ങൾ എന്നിവ നാളിതുവരെ ലഭിച്ചിട്ടില്ല | 3-17 |
| 35 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചത്- 8.55 ലക്ഷം രൂപ | 3-18 |
| 36 | തുടർ സാക്ഷരത – ജില്ലാ മിഷനിൽനിന്ന് തിരികെ ലഭിക്കാനുള്ളത് 145552 രൂപ | 3-19 |
| 37 | ഐ.എ.വൈ പദ്ധതിയിൽ ആരംഭിച്ച ഭവനനിർമ്മാണം ഇനിയും പൂർത്തീകരിക്കുവാൻ ബാക്കി | 3-20 |
| | ഭാഗം 4 | |
| 38 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (2016-17) | 4-1 |
| 39 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത് | 4-3 |
| 41 | വായ്പ / വിനിയോഗം എന്നിവയുടെ വിവരം | 4-4 |
| 42 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 43 | ഓഡിറ്റ് റിക്കവറി | 4-6 |
| 44 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2016 -17 വർഷത്തെ ബജറ്റ് സംബന്ധിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പാസ്സാക്കിയ തീയതി | 29.02.2016 |

| | |
|---|---|
| | |
| ബജറ്റ് ജനറൽ കമ്മറ്റി പാസ്സാക്കിയ തീയതി | 03.03.2016 |
| റിവൈസ്ഡ് ബജറ്റ് അംഗീകരിച്ച തീയതി | 29.03.2017 |

വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതികൂടി ഉൾപ്പെടുത്തി ബജറ്റ് പുതുക്കി ഭരണസമിതിയുടെ അംഗീകാരം തേടേണ്ടതുണ്ട്.

അടുത്ത സാമ്പത്തികവർഷം സ്ഥാപനത്തിന് ലഭിക്കാനുള്ള വരവിനങ്ങളും പ്രതീക്ഷിത ചെലവുകളും സമഗ്രമായി അപഗ്രഥിച്ചുവേണം ബജറ്റിൽ പ്രതീക്ഷിത വരവ് ചെലവ് തുകകൾ കണക്കാക്കേണ്ടത്. എന്നാൽ ഇപ്രകാരം ചെയ്യാതിരുന്നതിനാൽ ബജറ്റിൽ വിഭാവനം ചെയ്തിരുന്ന വരവ് തുകകളും യഥാർത്ഥത്തിലുള്ള വരവ് തുകകളും തമ്മിൽ വലിയ അന്തരമുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് നിർദ്ദേശം | യഥാർത്ഥ വരവ് | വ്യത്യാസം |
|---|---|---|---|
| വസ്തുനികുതി | 3000000 | 4355203 | -1355203 |
| പരസ്യനികുതി | 200000 | 0 | 200000 |
| വാടക | 500000 | 200289 | -299711 |
| ഡി ആന്റ് ഒ ലൈസൻസ് ഫീ | 300000 | 130060 | -169940 |
| സേവന ഉപനികുതി | 600000 | 799801 | 199801 |
| ലേലം | 0 | 162100 | 162100 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾക്ക് യഥാർത്ഥ വരവ് ചെലവുകളുമായി യാതൊരു പൊരുത്തവുമുണ്ടായിരുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 20925819 | 15004170 | -5921649 |
| വരവ് | 67623440 | 52525336 | -15098104 |
| ആകെ | 88549259 | 67529506 | -21019753 |
| ചെലവ് | 76245240 | 45607297 | -30637943 |
| നീക്കിയിരിപ്പ് | 12304019 | 21922209 | (+)9618190 |

കേരള പഞ്ചായത്ത് രാജ് നിയമത്തിൽ നിഷ്കർഷിച്ചിരുന്ന നടപടി ക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കാത്തതിനാൽ സാമ്പത്തിക നിയന്ത്രണം എന്ന വിശാലമായ ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല.

## 1-2 ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ

- ആശ്രയ പദ്ധതി വിലയിരുത്തൽ നടത്തുന്നതിന് മോണിട്ടറിംഗ് സമിതി രൂപീകരിച്ചിട്ടില്ല.
- ആസ്തികളുടെ കണക്കെടുപ്പ് നടത്തി ആസ്തി രജിസ്റ്റർ കൃത്യമാക്കുന്നതിനും ഡിജിറ്റലൈസ് ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടില്ല.
- എസ്.സി.പി മേഖലയിൽ പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിനും

നിരീക്ഷണ കമ്മറ്റികൾ രൂപീകരിക്കുന്നതിനും നടപടിയില്ല.

## 1-3 ദുരിതാശ്വാസനിധിയുടെ നടത്തിപ്പ് തൃപ്തികരമല്ല

2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3പ്രകാരം പഞ്ചായത്തിൽ രൂപീകരിച്ചിട്ടുള്ള ദുരിതാശ്വാസനിധിയുടെ പ്രവർത്തനം തൃപ്തികരമല്ല. 2011-12മുതൽ 2016-17വരെയുള്ള കാലയളവിൽ കേവലം പത്തുപേർക്കാണ് പ്രസ്തുത ഫണ്ടിൽനിന്ന് നാമമാത്രമായിട്ടെങ്കിലും സഹായം അനുവദിച്ചിട്ടുള്ളത്.

ദുരിതാശ്വാസനിധിയിലെ തുക സൂക്ഷിക്കുന്നതിനായി കുമ്പനാട് എസ്ബിഐയിൽ 67237280377-ാം നമ്പർ അക്കൗണ്ട് നിലവിലുണ്ട്. പ്രസ്തുത അക്കൗണ്ടിൽ നീക്കിയിരിപ്പ് തുക 15636രൂപ മാത്രമാണ്. ആയത് ദുരിതാശ്വാസം നൽകുന്നതിന് പര്യാപ്തമല്ല. ധനശേഖരണാർത്ഥമുള്ള കലാ-കായിക-വിനോദ പരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽനിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണെന്ന് ചട്ടം 3-ൽ പറഞ്ഞിരിക്കുന്നു. അപ്രകാരം ദുരിതാശ്വാസനിധിയിലേക്ക് ധനസമാഹരണം നടത്തി, അർഹരായവർക്ക് ധനസഹായം എത്തിക്കുന്നതിനു പഞ്ചായത്തുകമ്മറ്റി നടപടി സ്വീകരിക്കേണ്ടതാണ്.

## 1-4 ആഭ്യന്തര നിയന്ത്രണം

സ്യൂട്ട് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല

കേസുകളുടെ നടത്തിപ്പ് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്ന സ്യൂട്ട് രജിസ്റ്റർ കൃത്യമായി എഴുതിയിട്ടില്ല. തദ്ദേശ സ്ഥാപനത്തിന്റെ ഉപേക്ഷമൂലം കേസുകളിൽ പ്രതികൂല വിധിയുണ്ടായാൽ ആയതിന് സ്ഥാപന മേധാവിയും കാര്യനിർവ്വഹണ ഉദ്യോഗസ്ഥരും ഉത്തരവാദികളായിരിക്കുമെന്ന് 20.12.2016 ലെ സർക്കുലർ നം.1068103(3)ഡി.എ.2/2016/ ത.സ്വ.ഭ.വ പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഈ വിവരം ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1- 5 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 28.06.2017 |

## 1-6 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. തനത് ഫണ്ട് ബാലൻസ് എ.എഫ്.എസ് (ഷെഡ്യൂൾ-B17)പ്രകാരം 10284727 രൂപയാണ്. എന്നാൽ പാസ്സ് ബുക്ക് പ്രകാരം 31.03.2017 ലെ യഥാർത്ഥ നീക്കിയിരിപ്പ് 10369213 രൂപയാണ്.
2. വസ്തു നികുതി സംബന്ധിച്ച് ഷെഡ്യൂൾ I-1 ൽ കാണിച്ചിരിക്കുന്ന ഡിമാന്റ് സഞ്ചയ സോഫ്റ്റ് വെയറിൽ നൽകിയിരിക്കുന്ന ഡിമാന്റ് തുകയുമായി പൊരുത്തപ്പെടുന്നില്ല.
3. ഷെഡ്യൂൾ B-18 അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഏജൻസീസ് എന്ന ഹെഡ്ഡിൽ 293850 രൂപ കെ.എസ്.ഇ.ബി.യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതായി കാണിച്ചിട്ടുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ഇത് 534072 രൂപയാണ്.
4. 31.03.17 ൽ അടയ്ക്കുവാൻ ബാക്കി നിൽക്കുന്ന ലൈബ്രറി സെസ്സ് എ.എഫ്.എസ് പ്രകാരം 721535 രൂപയാണ്. എന്നാൽ ആയതിന്റെ സ്റ്റേറ്റ്മെന്റ്, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 681609 രൂപ മാത്രമേ ലൈബ്രറി സെസ്സ് ഇനത്തിൽ അടയ്ക്കുവാൻ ബാക്കിയുള്ളൂ. പ്രസ്തുത അപാകതകൾ പരിഹരിച്ച് അക്കൗണ്ട് പുതുക്കി ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-7 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 15004170 |
| വരവ് | 52525336 |

| | |
|---|---|
| ആകെ | 67529506 |
| ചെലവ് | 45607297 |
| നീക്കിബാക്കി | 21922209 |

## 1-8 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 11023901 | 11023901 | 7546731 | 3477170 |
| എസ്.സി.പി | 0 | 10915324 | 10915324 | 6746012 | 4169312 |
| റ്റി.എസ്.പി | 0 | 234198 | 234198 | 229198 | 5000 |
| സി.എഫ്. സി ഗ്രാന്റ് | 0 | 7615199 | 7615199 | 4461643 | 3153556 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 7568735 | 7568735 | 1361268 | * 6207467 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 5378005 | 5378005 | 1462022 | 3915983 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 48565 | 48565 | 48565 | 0 |

* 3738410രൂപയുടെ ബില്ലുകൾ ട്രഷറിയിൽ ക്യൂ സിസ്റ്റത്തിൽ ആയതിനാൽ 31.03.2017ൽ ചെലവായില്ല.

## 1-9 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 168 | 80 | 5 | 88 | 47.62 |

പദ്ധതി നിർവ്വഹണ വിവരങ്ങൾ

| വികസന മേഖല | അംഗീകരിച്ച പ്രോജക്ടുകൾ | | നടപ്പാക്കിയ പ്രോജക്ടുകൾ | | |
|---|---|---|---|---|---|
| | എണ്ണം | അകെ തുക | എണ്ണം | ചെലവ് തുക | ചെലവ് % |
| ഉല്പാദനം | 17 | 7809250 | 16 | 3998698 | 51.2 |
| സേവനം | 55 | 30447892 | 42 | 18040685 | 59.25 |
| പശ്ചാത്തലം | 96 | 26237250 | 22 | 8692708 | 33.13 |
| ആകെ | 168 | 64494392 | 80 | 30732091 | 47.65 |

## 1-10 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | 5325661 | 6685832 | 1360171 | 25.54 |
| നികുതിയേതര വരവുകൾ | 1610054 | 2617041 | 1006987 | 62.54 |
| ആകെ | 6935715 | 9302873 | 2367158 | 34.13 |

നികുതി, നികുതിയേതര വരുമാനത്തിൽ തൻവർഷം വർദ്ധനവുണ്ടായിട്ടുണ്ടെങ്കിലും വസ്തുനികുതിയിനത്തിൽ വൻതുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. കുടിശ്ശിക നികുതി പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.08.2017ന് 03.30 PM ന് സ്ഥാപനത്തിലെ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 44717രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 24.07.2017 | 04/2017 & 05/2017 | റിപ്പോർട്ട് നാളിതുവരെ പുറപ്പെടുവിച്ചിട്ടില്ല |
| 2 | അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 10.05.2003 | 1997-98 മുതൽ 2001-02 വരെ | 06.03.2013 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിടങ്ങളുടെ ഉപയോഗ ക്രമത്തിലെ മാറ്റങ്ങൾക്കനുസൃതമായി വസ്തു നികുതി ഈടാക്കുന്നില്ല-പഞ്ചായത്തിന് വരുമാന നഷ്ടം

പഞ്ചായത്ത് 2016-17 സാമ്പത്തിക വർഷം നൽകിയിട്ടുള്ള ഡി&ഒ ലൈസൻസുകൾ പരിശോധിച്ചതിൽ പല വാണിജ്യ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നത് ഗാർഹികാവശ്യത്തിനെന്നപേരിൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങളിലാണ്. സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഇപ്രകാരം ഗാർഹികാവശ്യത്തിനായി നികുതി നിർണ്ണയിച്ച് വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ചില കെട്ടിടങ്ങളുടെ വിവരം ഉദാഹരണമായി ചുവടെ ചേർക്കുന്നു.

| ലൈസൻസ് എടുത്ത വ്യക്തിയുടെ പേരും വിലാസവും | വാണിജ്യ സ്ഥാപനത്തിന്റെ പേര് | സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടം സ്ഥിതി | കെട്ടിട നമ്പർ | നിലവിൽ ഈടാക്കുന്ന കെട്ടിട നികുതി |
|---|---|---|---|---|

| | | ചെയ്യുന്ന വാർഡ് | | |
|---|---|---|---|---|
| ശ്രീ.ജയൻ ഈശോ,മലയിൽ പുത്തൻവീട്, നെല്ലിമല.പി.ഒ | മൈ ബേക്ക് വേൾഡ് | VI | 75 | 392 |
| ശ്രീ.കെ.ജി.ചെറിയാൻ, ചുങ്കത്തിൽ ബഥേൽ വീട്, കടപ്ര.പി.ഒ | ഇമ്മാനുവേൽ സ്റ്റോഴ്സ്-ബേക്കറി&സ്റ്റേഷനറി | X | 529 | 94 |
| രാജീവ്.എം.ആർ, പറയിരിക്കുന്നതിൽ മേപ്പുറത്ത്, പൂവത്തൂർ.പി.ഒ | ജയപൾവറൈസർ (ഫ്ലോർ മിൽ) | IX | 175 | 140 |
| അഭിജിത്ത് സുരേന്ദ്രൻ, തീക്കോയിപ്പുറത്ത് പാറയിൽ, കുമ്പനാട്.പി.ഒ | സ്മാർട്ട് ഡി.ബി സൗണ്ട് റീയിൻഫോഴ്സ്മെന്റ് | IV | 276 | 186 |
| കെ.പി.രവീന്ദ്രൻ, രാജേഷ് ഭവനം, മുണ്ടമല.പി.ഒ | രവീന്ദ്ര എൻജിനീയറിംഗ് വർക്സ് | V | 74 | 95 |

ഇങ്ങനെ താമസാവശ്യത്തിനെന്നപേരിൽ നികുതി നിർണ്ണയിച്ച് വാണിജ്യാവശ്യത്തിന് കെട്ടിടങ്ങൾ ഉപയോഗിക്കുന്നതിനാൽ പഞ്ചായത്തിന് വൻ വരുമാന നഷ്ടം ഉണ്ടാവുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ഉപയോഗക്രമത്തിലുള്ള വ്യതിയാനം കെട്ടിട ഉടമകൾ 30 ദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും 203ാം വകുപ്പ്, ഉപവകുപ്പ് 16(2),(3) എന്നിവ പ്രകാരം ഒരു കെട്ടിടത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി കെട്ടിടത്തിന്റെ ഉപയോഗക്രമത്തിനനുസരിച്ച് മാറ്റമുണ്ടാകുകയാണെങ്കിൽ അതിനനുസൃതമായ ഇളവുകളും വർദ്ധനവുകളും കണക്കിലെടുത്ത് കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി സെക്രട്ടറി പുതുക്കി നിശ്ചയിക്കേണ്ടതുമാണ്.

ഇപ്രകാരം ഉപയോഗക്രമ വ്യതിയാനമുള്ള കെട്ടിടങ്ങൾ കണ്ടെത്തേണ്ടതും അതുമൂലമുള്ള വരുമാന നഷ്ടം നിജപ്പെടുത്തി ഈടാക്കുന്നതിന് അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## 2-2 ഷോപ്പിംഗ് കോംപ്ലക്സ് വാടകയിനത്തിൽ 2016-17 ൽ പിരിഞ്ഞു കിട്ടുവാനുള്ളത് 67168 രൂപ

പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് വാടകയിനത്തിൽ 67168 രൂപ പിരിച്ചെടുക്കുവാൻ ബാക്കിനിൽക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഷോപ്പിംഗ് കോംപ്ലക്സ് റൂം നം | വാടകക്കാരന്റെ പേരും വിലാസവും | മാസവാടക | വാടക അടയ്ക്കുവാനുള്ള മാസങ്ങൾ | ആകെ |
|---|---|---|---|---|---|
| 1 | III/1 | ജോർജ് ജോൺ, പുത്തൂർ, പുല്ലാട് | 1755 | 04/16 മുതൽ 03/17 വരെ | 21060 |
| 2 | III/1B | ആൻ സിന്ധ്യ മാത്യു, വാലുപറമ്പിൽ, പുല്ലാട് | 2815 | 04/16 മുതൽ 03/17 വരെ | 33780 |
| 3 | III/1C | രാജൻ വർഗ്ഗീസ്, | 1541 | 08/16 മുതൽ 03/17 വരെ | 12328 |
| ആകെ | | | | | 67168 |

ഇപ്രകാരം കുടിശ്ശിക വന്ന വാടക വാടകക്കാരിൽ നിന്നും നാളിതുവരെയുള്ള പലിശ സഹിതം ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കുവരുത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 തൊഴിൽനികുതി പിരിച്ചെടുക്കുവാൻ ബാക്കിനിൽക്കുന്നു

തൊഴിൽ നികുതി പിരിവ് സംബന്ധിച്ച റിട്ടേണുകൾ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ശമ്പളത്തിനോ വേതനത്തിനോ വ്യക്തികളെ ജോലിക്ക് നിയമിച്ച ഓഫീസുകളുടേയും സ്ഥാപനങ്ങളുടേയും പൂർണ്ണ വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ പഞ്ചായത്ത് സൂക്ഷിക്കുന്നില്ല.
2. സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന തൊഴിൽനികുതി പത്രികകൾ പരിശോധനവിധേയമാക്കാതെ അതേപടി സ്വീകരിക്കുന്നു.
3. രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ഉദ്യോഗസ്ഥർ 2016-17-ൽ ചുവടെ ചേർത്തിട്ടുള്ള അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

| ക്രമ നം. | ഉദ്യോഗസ്ഥന്റെ പേര് | ഉദ്യോഗപ്പേര് | സ്ഥാപനം | അർദ്ധവർഷം |
|---|---|---|---|---|
| 1 | രഞ്ജിത്ത് കുമാർ | സ്പെഷ്യൽ വില്ലേജ് ഓഫീസർ | വില്ലേജ് ഓഫീസ്, പുല്ലാട് | 1-ാംഅർദ്ധവർഷം |
| 2 | ബൈജു.കെ | വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് | -ടി- | -ടി- |
| 3 | എൽ.ആർ.റോയി | വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് | -ടി- | -ടി- |
| 4 | ജോസ്.കെ.ജെ | വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് | -ടി- | -ടി- |
| 5 | ജോർജ് മാത്യു | വില്ലേജ് ഓഫീസർ | -ടി- | -ടി- |
| 6 | ശ്രീലത.വി.ആർ | വില്ലേജ് ഓഫീസർ | -ടി- | -ടി- |
| 7 | മോളമ്മ മാത്യു | പെർമനെന്റ് ലേബറർ | സ്റ്റേറ്റ് സീഡ് ഫാം, പുല്ലാട് | I&II അർദ്ധവർഷങ്ങൾ |
| 8 | അമ്മുക്കുട്ടി.പി.ഒ | പെർമനെന്റ് ലേബറർ | സ്റ്റേറ്റ് സീഡ് ഫാം, പുല്ലാട് | 1-ാംഅർദ്ധവർഷം |
| 9 | അമ്പിളി.ടി.കെ | പെർമനെന്റ് ലേബറർ | സ്റ്റേറ്റ് സീഡ് ഫാം, പുല്ലാട് | 1-ാംഅർദ്ധവർഷം |
| 10 | മറിയാമ്മ തോമസ് | പെർമനെന്റ് ലേബറർ | സ്റ്റേറ്റ് സീഡ് ഫാം, പുല്ലാട് | I&II അർദ്ധവർഷങ്ങൾ |
| 11 | ലീലാമ്മ തോമസ് | കാഷ്വൽ ലേബറർ | -ടി- | -ടി- |
| 12 | ചാക്കോ.കെ.സി | സബ് ട്രെഷറി ഓഫീസർ | സബ് ട്രഷറി, കുമ്പനാട് | I&II അർദ്ധവർഷങ്ങൾ |
| 13 | പ്രസന്ന കുമാരി.എം | ജൂനിയർ സൂപ്രണ്ട് | -ടി- | -ടി- |
| 14 | തോമസ് ഡാനിയൽ | ജൂനിയർ അക്കൗണ്ടന്റ് | -ടി- | -ടി- |

| | | | | |
|---|---|---|---|---|
| 15 | രഞ്ജി കെ ജോൺ | സെലക്ഷൻ ഗ്രേഡ് അക്കൗണ്ടന്റ് | -ടി- | -ടി- |
| 16 | അന.ടി.സാം | ജൂനിയർ അക്കൗണ്ടന്റ് | -ടി- | -ടി- |
| 17 | സാമുവെൽ ബെൻജമിൻ | ഓഫീസ് അറ്റൻഡന്റ് | -ടി- | 1-ാംഅർദ്ധവർഷം |
| 18 | ജോസ്.വി.ചെറിയാൻ | സീനിയർ സൂപ്രണ്ട് | എ.ഇ.ഒയുടെ കാര്യാലായം, പുല്ലാട് | I&II അർദ്ധവർഷങ്ങൾ |
| 19 | ഉഷാദേവി അമ്മാൾ | ക്ലർക്ക് | -ടി- | -ടി- |
| 20 | സജിത.കെ.നായർ | ക്ലർക്ക് | -ടി- | -ടി- |
| 21 | ജോളി.എ.കെ | -ടി- | -ടി- | -ടി- |
| 22 | സുജാത.കെ.നായർ | -ടി- | -ടി- | -ടി- |
| 23 | ശ്രീജയ.എസ് | എൽ.ഡി.ടൈപ്പിസ്റ്റ് | -ടി- | -ടി- |
| 24 | ഉഷാകുമാരി.കെ.പി | എഫ്.റ്റി.സി.എം | -ടി- | -ടി- |
| 25 | അജിത്.ആർ.പ്രസാദ് | സീനിയർ ക്ലർക്ക് | എസ്.സി.ഡെവലപ്മെന്റ് ഓഫീസ് | 1-ാംഅർദ്ധവർഷം |
| 26 | ആനന്ദവല്ലി,പി.കെ | ഹോസ്പിറ്റൽ അറ്റൻഡന്റ് | പി.എച്ച്.സി, കോയിപ്രം | I&II അർദ്ധവർഷങ്ങൾ |
| 27 | ഹേമലത.ഡി | പി.റ്റി.എസ് | പി.എച്ച്.സി, കോയിപ്രം | I&II അർദ്ധവർഷങ്ങൾ |
| 28 | രഞ്ജിത്ത്.എസ് | ഐ.ഇ.ഡി.സി.ആർ.റ്റി | ബ്ലോക്ക് റിസോഴ്സ് സെന്റർ SSA പുല്ലാട് | 1-ാംഅർദ്ധവർഷം |
| 29 | ഷീന ജെയിംസ് | -ടി- | -ടി- | -ടി- |
| 30 | രേഖ.എം.എ | -ടി- | -ടി- | -ടി- |
| 31 | ലത മാത്യു | ലഭ്യമാക്കിയില്ല | ബി.എസ്.എൻ.എൽ, ടെലിഫോൺ എക്സ്ചേഞ്ച് കുമ്പനാട് | -ടി- |
| 32 | മധു.പി.കെ | -ടി- | ബി.എസ്.എൻ.എൽ, ടെലിഫോൺ എക്സ്ചേഞ്ച് കുമ്പനാട് | -ടി- |

| | | | | |
|---|---|---|---|---|
| 33 | അജിത്ത്.എസ് | -ടി- | ബി.എസ്.എൻ.എൽ, ടെലിഫോൺ എക്സ്ചേഞ്ച് കുമ്പനാട് | -ടി- |
| 34 | ശാന്ത.എം.എസ് | -ടി- | ബി.എസ്.എൻ.എൽ, ടെലിഫോൺ എക്സ്ചേഞ്ച് കുമ്പനാട് | -ടി- |
| 35 | ലീലാമ്മ.പി.സി | -ടി- | ബി.എസ്.എൻ.എൽ, ടെലിഫോൺ എക്സ്ചേഞ്ച് കുമ്പനാട് | |
| 36 | തോമസ്.പി.കെ | -ടി- | ബി.എസ്.എൻ.എൽ, ടെലിഫോൺ എക്സ്ചേഞ്ച് കുമ്പനാട് | -ടി- |
| 37 | ചാക്കോ.ടി.എസ് | -ടി- | ബി.എസ്.എൻ.എൽ, ടെലിഫോൺ എക്സ്ചേഞ്ച് കുമ്പനാട് | -ടി- |
| 38 | രാജു.എം.തോമസ് | സബ് ഇൻസ്പെക്ടർ | പോലീസ് സ്റ്റേഷൻ , കോയിപ്പുറം | -ടി- |
| 39 | രാജശേഖരൻ ഉണ്ണിത്താൻ | എ.എസ്.ഐ | പോലീസ് സ്റ്റേഷൻ , കോയിപ്പുറം | -ടി- |
| 40 | വിനോദ് കുമാർ.ടി.കെ | സിവിൽ പോലീസ് ഓഫീസർ | പോലീസ് സ്റ്റേഷൻ , കോയിപ്പുറം | -ടി- |
| 41 | പൊടിമോൻ.കെ.പി | സിവിൽ പോലീസ് ഓഫീസർ | പോലീസ് സ്റ്റേഷൻ , കോയിപ്പുറം | -ടി- |
| 42 | ജയരാജ്.ഡി | സിവിൽ പോലീസ് ഓഫീസർ | പോലീസ് സ്റ്റേഷൻ , കോയിപ്പുറം | -ടി- |
| 43 | പുഷ്പരാജൻ.ഡി.എസ് | സിവിൽ പോലീസ് ഓഫീസർ | പോലീസ് സ്റ്റേഷൻ , കോയിപ്പുറം | -ടി- |
| 44 | കെ.കെ.ശ്രീലത | പ്രിൻസിപ്പൽ | ഗവ.ഹയർ സെക്കൻഡറി സ്കൂൾ | -ടി- |
| 45 | അരുൺകുമാർ.കെ.വി | എച്ച്.എസ്.എസ്.റ്റി. | ഗവ.ഹയർ സെക്കൻഡറി സ്കൂൾ | -ടി- |
| 46 | ദീപ.ടി.എസ് | എച്ച്.എസ്.എസ്.റ്റി. | ഗവ.ഹയർ സെക്കൻഡറി സ്കൂൾ | -ടി- |

| | | | | |
|---|---|---|---|---|
| 47 | ദിലീപ്കുമാർ.ആർ | എച്ച്.എസ്.എസ്.റ്റി. | ഗവ.ഹയർ സെക്കൻഡറി സ്കൂൾ | -ടി- |
| 48 | ഗഫൂർ റാവുത്തർ | എച്ച്.എസ്.എസ്.റ്റി. | ഗവ.ഹയർ സെക്കൻഡറി സ്കൂൾ | -ടി- |
| 49 | ഹരികുമാർ.എൻ | എച്ച്.എസ്.എസ്.റ്റി. | ഗവ.ഹയർ സെക്കൻഡറി സ്കൂൾ | -ടി- |
| 50 | മണിദീപം.ജി | എച്ച്.എസ്.എസ്.റ്റി. | ഗവ.ഹയർ സെക്കൻഡറി സ്കൂൾ | -ടി- |
| 51 | മിഷ.ജി.കൃഷ്ണൻ | എച്ച്.എസ്.എസ്.റ്റി. | ഗവ.ഹയർ സെക്കൻഡറി സ്കൂൾ | -ടി- |
| 52 | രജനിമോൾ.കെ.കെ | എച്ച്.എസ്.എസ്.റ്റി. | ഗവ.ഹയർ സെക്കൻഡറി സ്കൂൾ | -ടി- |
| 53 | രജനി.ആർ | എച്ച്.എസ്.എസ്.റ്റി. | ഗവ.ഹയർ സെക്കൻഡറി സ്കൂൾ | -ടി- |
| 54 | സുമ.കെ | പി.റ്റി.സി.എം | ഗവ.മോഡൽ യു.പി.സ്കൂൾ, പുല്ലാട് | -ടി- |
| 55 | സമീമ.എ | എച്ച്.എം | ഗവ.മോഡൽ യു.പി.സ്കൂൾ, പുല്ലാട് | -ടി- |
| 56 | ഓമനക്കുട്ടി.കെ.എൽ | ടീച്ചർ | ഗവ.ന്യൂ എൽ.പി.സ്കൂൾ | -ടി- |
| 57 | തുളസീഭായി | ടീച്ചർ | ഗവ.ന്യൂ എൽ.പി.സ്കൂൾ | -ടി- |
| 58 | കുഞ്ഞുമോൾ.കെ | പി.ഡി.ടീച്ചർ | ഗവ.യു.പി.സ്കൂൾ കുമ്പനാട് | -ടി- |
| 59 | ബിന്ദു.ആർ.നായർ | ഒ.എ | ഗവ.യു.പി.സ്കൂൾ കുമ്പനാട് | -ടി- |
| 60 | രതീഷ്.എ | എൽ.പി.എസ്.എ | എസ്.എ.എൽ.പി സ്കൂൾ, മടത്തുംമല | -ടി- |
| 61 | മോളി.എം.ജേക്കബ് | എച്ച്.എസ്.എ | നോയൽ മെമ്മോറിയൽ ഹൈ സ്കൂൾ, കുമ്പനാട് | -ടി- |
| 62 | പദ്മകുമാരി.പി.ആർ | എച്ച്.എസ്.എ | നോയൽ മെമ്മോറിയൽ ഹൈ സ്കൂൾ, കുമ്പനാട് | -ടി- |

മേൽ അപാകതകൾ പരിശോധിക്കേണ്ടതും, തൊഴിൽ നികുതിയിനത്തിൽ പിരിഞ്ഞ് കിട്ടുവാനുള്ള തുക കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തി ഉദ്യോഗസ്ഥരിൽ നിന്നും അടിയന്തിരമായി പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-4 കാലഹരണപ്പെട്ട ജാമ്യ നിക്ഷേപം പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല; സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ അലക്ഷ്യമായി സൂക്ഷിക്കുന്നു

കേരള ഫിനാൻഷ്യൽ കോഡ് വാല്യം (I) ആർട്ടിക്കിൾ 56 b പ്രകാരം മൂന്ന വർഷത്തിന്മേൽ ക്ലെയിം ചെയ്യാതെ അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങൾ സ്ഥാപനത്തിന്റെ ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്. എന്നാൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ കരാറുകാർ ഹാജരാക്കിയിട്ടുള്ള താഴെ പറയുന്ന സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ ദീർഘകാലമായി പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടാതെയും, ആയതിന്റെ വിശദാംശങ്ങൾ സെക്യൂരിറ്റി രജിസ്റ്ററിലോ, രജിസ്റ്റർ ഓഫ് വാല്യൂബിൾസിലോ രേഖപ്പെടുത്താതെയും, എൽ.എസ്.ജി.ഡി എൻജിനീയറിംഗ് വിഭാഗത്തിൽ സുരക്ഷിതമല്ലാത്ത രീതിയിൽ സൂക്ഷിച്ചുവരുന്നതായി ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.

| സ്ഥിര നിക്ഷപ സർട്ടിഫിക്കറ്റ് സമർപ്പിച്ച കോൺട്രാക്ടറുടെ പേര് | നിക്ഷേപ സർട്ടിഫിക്കറ്റിന്റെ മൂല്യം | സ്ഥിര നിക്ഷേപ നമ്പർ/ നിക്ഷേപ തീയതി (സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക്) | കാലാവധി പൂർത്തിയായ തീയതി |
|---|---|---|---|
| ശ്രീ.രാജ് മോഹൻ നായർ, അമ്പലാത്ത്, പുല്ലാട് | 15000 | 212642 17.12.10 | 17.12.11 |
| ശ്രീ.രാജ് മോഹൻ നായർ, അമ്പലാത്ത്, പുല്ലാട് | 25000 | 212642/ 3.9.2010 | 3.3.2011 |
| ശ്രീ.രാജ് മോഹൻ നായർ, അമ്പലാത്ത്, പുല്ലാട് | 5000 | 277864/ 25.9.2010 | 25.9.2011 |
| ശ്രീ.രാജ് മോഹൻ നായർ, അമ്പലാത്ത്, പുല്ലാട് | 5000 | 277870/ 25.9.2010 | 25.9.2011 |
| ശ്രീ.ജോർജ് കുരുവിള | 50000 | 728201/ 16.2.2012 | 17.5.2012 |
| ആകെ | 100000 | | |

പുല്ലാട് മത്സ്യ മാർക്കറ്റ് കെട്ടിട നിർമ്മാണ പ്രവൃത്തിയ്ക്ക് എഗ്രിമെന്റ് വച്ച ശേഷം പ്രവൃത്തി ചെയ്യാതിരുന്നത് വഴി കോൺട്രാക്ടർ ശ്രീ.ജോർജ്ജ് കുരുവിള ഗ്രാമപഞ്ചായത്തിന് വലിയ സാമ്പത്തിക ബാധ്യത വരുത്തിയിട്ടുണ്ട്. ടിയാൻ ഹാജരാക്കിയിരുന്ന 50000/ രൂപയുടെ സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടാതിരുന്നത് ഗുരുതരമായ വീഴ്ചയാണ്. സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകളുടെ വിവരം സെക്യൂരിറ്റി/വാല്യുബിൾസ് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ശ്രീ.രാജ് മോഹൻ നായർ ഹാജരാക്കിയ സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റ് ഏത് പ്രോജക്ടിന്റെ ഭാഗമായാണെന്ന് മനസ്സിലാക്കാൻ

സാധിച്ചിട്ടില്ല. ക്ലെയിം ചെയ്യുന്നതിനുള്ള കാലാവധി കഴിഞ്ഞ ടി സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടേണ്ടതും പലിശയിനത്തിൽ നഷ്ടമായ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിനും സത്വര നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-5 പരസ്യനികുതി പിരിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209, ഉപവകുപ്പുകൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് പ്രദർശിപ്പിക്കുന്ന പരസ്യങ്ങളിൻമേൽ ഗ്രാമപഞ്ചായത്തിനു നികുതി പിരിക്കാവുന്നതും ഇതിനുള്ള അവകാശം ലേലം ചെയ്തു നൽകാവുന്നതുമാണ്. പഞ്ചായത്ത് ഡയറക്ടറുടെ 18.05.2005 ലെ സി-5-15253/04 ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാതൃകാ ബൈലോയുടെ അടിസ്ഥാനത്തിൽ ബൈലോ തയ്യാറാക്കി 19-01-2013 ന് അംഗീകാരം വാങ്ങുന്നതിന് അയച്ചിരുന്നുവെങ്കിലും ഇതിന് അംഗീകാരം ലഭിക്കുകയുണ്ടായില്ല. തുടർന്ന് ഒരു പുതുക്കിയ ബൈലോ തയ്യാറാക്കി 13.06.2017 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 8-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയത് അടിയന്തിരമായി സർക്കാരിലേക്ക് അയച്ച് അംഗീകാരം വാങ്ങേണ്ടതാണ്.

ഏകദേശം 6 കിലോമീറ്റർ സംസ്ഥാന പാത (റ്റി.കെ റോഡ് ) ഗ്രാമപ്പഞ്ചായത്തിലൂടെ കടന്നുപോകുന്നുണ്ട്. ഇതിന് ഇരുവശവും വിവിധ സ്ഥാപനങ്ങളുടെ പരസ്യങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും പരസ്യനികുതി ഈടാക്കുന്നതിന് ബൈലോയുടെ അഭാവത്തിൽ നിലവിൽ സാധിക്കുന്നില്ല. അടിയന്തിരമായി പരസ്യനികുതി ബൈലോയ്ക്ക് അംഗീകാരം വാങ്ങേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ പരസ്യനികുതി പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കുടിവെള്ളക്ഷാമം രൂക്ഷമായിട്ടും കിണർ റീചാർജിംഗിന് പ്രവൃത്തികൾ ഏറ്റെടുക്കുന്നില്ല.

കുടിവെള്ളക്ഷാമം രൂക്ഷമായിട്ടും കിണർ റീചാർജിംഗിന് തൊഴിലുറപ്പ് പദ്ധതി പ്രകാരം 2015-16, 2016-17 വർഷങ്ങളിൽ പ്രവൃത്തികൾ ഏറ്റെടുത്തില്ല.

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കിണർ റീചാർജിംഗ് വളരെ ഫലപ്രദമാണ് എന്നിരിക്കെ, ഇതിനായി പര്യാപ്തമാംവണ്ണം പ്രവൃത്തികൾ തൊഴിലുറപ്പ് / കാർഷിക പദ്ധതികൾ മുഖേന ഏറ്റെടുക്കാത്തത് ഗുരുതരമായ അനാസ്ഥയാണ്. കിണർ റീചാർജിംഗ് പ്രവൃത്തികൾ വ്യാപകമായി ഏറ്റെടുത്ത് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

## 3-2 റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളുടെ ഫണ്ട് വാർഡ് അടിസ്ഥാനത്തിൽ വിഭജിക്കപ്പെടുന്നു

ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം വാർഡുകളിലും റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ വളരെ കുറഞ്ഞ നീളത്തിലാണ് ചെയ്ത് വരുന്നത്. ഇത് മൂലം ഒരു റോഡ് പോലും പൂർണ്ണമായും ഗതാഗതയോഗ്യമാക്കാനാകുന്നില്ല എന്ന് ബന്ധപ്പെട്ട എസ്റ്റിമേറ്റ് റിപ്പോർട്ട്, സൈറ്റ് പ്ലാൻ എന്നിവയിൽ നിന്നും വ്യക്തമാണ്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | കൺവീനർ | പ്രവൃത്തിമൂല്യം | ബിൽ നമ്പർ | ചെയ്ത അളവ് (നീളം, വീതി) |
|---|---|---|---|---|---|
| 1 | ആനക്കുഴിക്കൽ - ന്യൂഎൽ.പി.എസ് റോഡ് കോൺക്രീറ്റിംഗ് (SO61/17)<br>70000 | എം.ജി.ജോൺ, മുക്കുട്ട്താഴയിൽ, കുറവൻകുഴി | 69563 | 13/17/ 21-3-17 | 22.65 m<br>3.1 m |

| | | | | | |
|---|---|---|---|---|---|
| 2 | പേക്കാവുങ്കൽ-മേമ്മുറി കോളനി റോഡ് കോൺക്രീറ്റിംഗ് (SO60/17)<br>70000 | ലൈസാ രമേശ്, പേക്കാവുങ്കൽ, കുറവങ്കുഴി | 62952 | 14/17/ 21-3-17 | 27.9 m<br>2.4 m |
| 3 | വള്ളിക്കാലാ ചുഴിക്കുന്ന് റോഡ് കോൺക്രീറ്റിംഗ്<br>(SO 100/17)<br>99000 | ജ്യോതിസ്സ് കുമാർ, താഴത്തേടത്ത്, കുറവൻകുഴി | 95560 | 20/17/ 28-3-17 | 34.1 m<br>3 m |
| 4 | കുറ്റിക്കാട്ട്പടി കാണിക്കവഞ്ചിപ്പടി റോഡ് കോൺക്രീറ്റിംഗ്<br>SO110/17 109000 | ചെറിയാൻ മാത്യു, മാവുനിൽക്കുന്നതിൽ, കടപ്ര | 108248 | 4/17/ 30-1-17 | 37.6 m<br>3 m |

വാർഡടിസ്ഥാനത്തിൽ ഫണ്ട് വിഭജിച്ച് നൽകുന്നതും ലഭിക്കുന്ന ഫണ്ട് അതാത് വാർഡിലെ പല ഭാഗങ്ങളിലായി വിഭജിക്കുന്നതുമാണ് ഈ ദുരവസ്ഥയ്ക്ക് കാരണം എന്ന് വിലയിരുത്തുന്നു. പദ്ധതി നിർവ്വഹണത്തിലെ വികലമായ ഈ രീതി കർശനമായും ഒഴിവാക്കേണ്ടതും, റോഡുകൾ പൂർണ്ണമായും ഗതാഗതയോഗ്യമാക്കുന്നതിന് പര്യാപ്തമായ ഫണ്ട് വകയിരുത്തി പ്രവൃത്തികൾ ഏറ്റെടുക്കേണ്ടതുമാണ്.

## 3-3 ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് പരമാവധി സ്കോളർഷിപ്പ് നൽകുന്നില്ല.

നിർവ്വഹണം: ഐ.സി.ഡി.എസ് സൂപ്പർവൈസർ

ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകുന്നതിന് 300000 രൂപ അടങ്കൽ വകയിരുത്തി പദ്ധതി ആവിഷ്കരിച്ചിരുന്നു. ബ്ലോക്ക് പഞ്ചായത്ത് വിഹിതം ആയി 1 ലക്ഷം രൂപ വകയിരുത്തിയെങ്കിലും 75000 രൂപയാണ് ലഭിച്ചത്. ടി തുകയും ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ടായി 2 ലക്ഷം രൂപയും ചേർത്ത് 275000 രൂപ പിൻവലിച്ച് 44 ഗുണഭോക്താക്കൾക്കായി വിഭജിച്ച് നൽകുകയാണ് ചെയ്തത്. വകയിരുത്തിയ ഫണ്ട് അപര്യാപ്തമായിരുന്നതിനാൽ പന്ത്രണ്ടാം പദ്ധതിയുടെ പുതുക്കിയ മാർഗ്ഗരേഖ പ്രകാരം (ജി.ഒ(എം.എസ്) 4/2016/തസ്വഭവ തീയതി 11.01.16)സർക്കാർ നിർദ്ദേശിച്ച പരമാവധി സഹായം നൽകാൻ കഴിഞ്ഞില്ല. മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്കോളർഷിപ്പ്, വാർഷിക ബത്ത, യാത്രാബത്ത തുടങ്ങിയ ഇനങ്ങളിലായി ഒരു വർഷം പരമാവധി 19200 രൂപയ്ക്ക് അർഹതയുണ്ട്. എന്നാൽ, ഈ വിഭാഗത്തിലുള്ള 29 ഗുണഭോക്താക്കൾക്ക് 5882 രൂപ മാത്രമാണ് ധനസഹായം നൽകിയിട്ടുള്ളത്. ശാരീരിക വെല്ലുവിളികൾ നേരിടുന്ന 15 പേർക്ക് അർഹമായ ധനസഹായം നൽകിയെങ്കിലും, വകയിരുത്തിയ ഫണ്ട് പര്യാപ്തമല്ലാത്തതിനാൽ മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് അർഹമായ ധനസഹായം നൽകിയിട്ടില്ല.

ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് പരമാവധി സ്കോളർഷിപ്പ് നൽകുന്നതിന് ഉതകുംവിധം ഫണ്ട് വകയിരുത്തേണ്ടതും, ജില്ലാ / ബ്ലോക്ക് പഞ്ചായത്തുമായി ഏകോപിപ്പിച്ച് പദ്ധതി നടപ്പാക്കേണ്ടതുമാണ്.

## 3-4 ടെണ്ടർ നടപടികൾ സുതാര്യമല്ല - പരമാവധി പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്യുന്നതിന് നടപടിയില്ല.

ടെണ്ടർ നടപടികൾ സുതാര്യമാക്കുന്നതിനായി പരമാവധി പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഇ-ടെണ്ടർ അവലംബിക്കുന്നതിന് നടപടി സ്വീകരിച്ചില്ല. സമർപ്പിക്കപ്പെട്ട ടെണ്ടറുകളിലെ നിരക്ക് പരിശോധിച്ചതിൽ, നടപടികൾ സുതാര്യമായിരുന്നില്ല എന്ന് വ്യക്തമായിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. കൃഷിഭവന്റെ പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്യുന്നതിന് നടപ്പാക്കിയ പദ്ധതിക്കായി (SO21/17) രണ്ട് ടെണ്ടറുകൾ ആണ് ലഭിച്ചത്. 10% കൂടിയ നിരക്കിൽ " ഷൈജു.പി.ബി, പ്ലാന്തോട്ടത്തിൽ ഹൗസ്, നെല്ലിമല " എന്ന കരാറുകാരനും എസ്റ്റിമേറ്റ് നിരക്കിൽ "ജോസഫ് തോമസ്, കൊടിയൂർ ഹൗസ്, പുല്ലാട്" എന്നയാളും ടെണ്ടർ സമർപ്പിച്ചതായാണ് രേഖകൾ. എന്നാൽ രണ്ട് കരാറുകാരുടെയും ടെണ്ടറിനൊപ്പം സമർപ്പിച്ചിട്ടുള്ള പ്രിലിമിനറി എഗ്രിമെന്റിനായുള്ള മുദ്രപ്പത്രം ശ്രീ.ഷൈജു.പി.ബി, പ്ലാന്തോട്ടത്തിൽ ഹൗസ്, നെല്ലിമല എന്നയാളുടെ പേരിൽ ഉള്ളതാണ്. (ടെണ്ടറിൽ ഷൈജു.പി.ബി എന്നും മുദ്രപ്പത്രത്തിൽ ഷൈജു.പി.വി എന്നുമാണ് പേര് രേഖപ്പെടുത്തിയിട്ടുള്ളത്.) (ബിൽ തുക – 223132 രൂപ, ബിൽ നമ്പർ 15/2017 തീയതി 28-3-17)

2. സ്റ്റേഡിയത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി (മണ്ണ് കിളച്ച് ഉറപ്പിച്ച് നിരപ്പാക്കൽ) 439497 രൂപ സംസ്ഥാനാവിഷ്കൃത ഫണ്ട് വകയിരുത്തി തൻവർഷം പദ്ധതി നടപ്പാക്കിയിരുന്നു. (പ്രോജക്ട് നമ്പർ SO22/17, പ്രവൃത്തിമൂല്യം - 402500 രൂപ, ഡി.ഡി നമ്പർ/തീയതി - 676910/6-9-16) പ്രവൃത്തിക്ക് രണ്ട് ടെണ്ടറുകളാണ് ലഭിച്ചത്. ശ്രീ.മോഹൻകുമാർ.ബി, ഇടയാട്ട്, കുറിയന്നൂർ എന്നയാൾ എസ്റ്റിമേറ്റ് നിരക്കിലും, ശ്രീ. മുരളീധരൻനായർ, പടിഞ്ഞാറേകോയിപ്രത്ത്, പൂവത്തൂർ എന്ന കരാറുകാരൻ 5% കൂടിയ നിരക്കിലും ടെണ്ടർ സമർപ്പിച്ചതായാണ് രേഖകൾ. എന്നാൽ മോഹൻകുമാർ.ബി എന്ന കരാറുകാരൻ സമർപ്പിച്ച ടെണ്ടർ വെട്ടിത്തിരുത്തി മുരളീധരൻനായർ എന്ന കരാറുകാരന്റെ പേരിൽ സമർപ്പിച്ചിരിക്കുകയാണ് എന്ന് രേഖകൾ വ്യക്തമാക്കുന്നു.

മേൽപ്പറഞ്ഞ രണ്ട് പ്രവൃത്തികളിലും സമർപ്പിക്കപ്പെട്ട ടെണ്ടർ നിരക്ക് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. കരാറുകാർ തമ്മിൽ കൂടിയാലോചിച്ചാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത് എന്ന് മേൽപ്പറഞ്ഞ ഉദാഹരണങ്ങളിൽ നിന്നും വ്യക്തമാണ്. ടെണ്ടർ നടപടികൾ സുതാര്യതയില്ലാതെ നടന്നിട്ടുള്ളത് ഓഡിറ്റ് ഗൗരവത്തോടെ വിലയിരുത്തുന്നു. അപാകതയിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ടെണ്ടർ നടപടികളിൽ സുതാര്യത ഉറപ്പാക്കുന്നതിന് പരാമാവധി പ്രവൃത്തികൾക്ക് ഇ-ടെണ്ടർ നടപടി അവലംബിക്കേണ്ടതാണ്.

## 3-5 കുടിവെള്ളം മലിനമായതായ പരാതി ഗ്രാമപഞ്ചായത്ത് അവഗണിച്ചു

ഗ്രാമപഞ്ചായത്ത് പരിധിയിൽ കുമ്പനാട് ഹൈബ്രോൺപുരിയിൽ നടക്കുന്ന ഇൻഡ്യൻ പെന്തക്കോസ്റ്റ് ദൈവസഭ ജനറൽ കൺവെൻഷനോടനുബന്ധിച്ചുണ്ടാകുന്ന മലിനീകരണം കാരണം സമീപത്തുള്ള 12ഓളം കുടുംബങ്ങളുടെ കിണറുകളിലെ വെള്ളം ഒരാവശ്യത്തിനും ഉപയോഗിക്കുവാൻ കഴിയാത്തവണ്ണം മലിനപ്പെട്ടതായി നിരവധി പരാതികൾ 2010 മുതൽ ഗ്രാമപഞ്ചായത്തിൽ ലഭിച്ചിട്ടുണ്ട്. മനുഷ്യാവകാശകമ്മീഷന്റേയും ഹൈക്കോടതിയുടേയും കർശന നിർദ്ദേശമുണ്ടായിരുന്നിട്ടുപോലും ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാൻ ഗ്രാമപഞ്ചായത്ത് അധികാരികൾക്ക് കഴിഞ്ഞിട്ടില്ല. കൺവെൻഷൻ നടക്കുന്ന സമയങ്ങളിൽ ഒരു ലക്ഷത്തിലധികം ആൾക്കാർ ഐ.പി.സി ആസ്ഥാനത്ത് എത്താറുണ്ട്. 60000 ലിറ്റർ കപ്പാസിറ്റിയുള്ള സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കണമെന്ന് ആരോഗ്യ വകുപ്പ് നിർദ്ദേശിച്ചുവെങ്കിലും 30000 ലിറ്റർ കപ്പാസിറ്റിയുള്ള ട്രീറ്റ്മെന്റ് പ്ലാന്റാണ് സ്ഥാപിച്ചത്. (പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസും വാങ്ങിയിട്ടില്ല) സമീപ സ്ഥലങ്ങളിലെ കിണറുകളിലെ കുടിവെള്ളത്തിൽ കോളിഫോം ബാക്ടീരിയയുടെ അളവ് ക്രമാതീതമായതിനാൽ ഉപയോഗിക്കുവാൻ കഴിയില്ലെന്ന് ആരോഗ്യ വകുപ്പ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. ബഹു ഹൈക്കോടതിയുടെ WP(c)330/14 നമ്പർ വിധിന്യായത്തിൽ സ്ഥലത്തെ ടോയ്‌ലറ്റുകൾ അടച്ചുപൂട്ടണമെന്നും പുതിയതായി ഒരു നിർമ്മാണ പ്രവൃത്തിക്കും അനുമതി നൽകരുതെന്നും നിർദ്ദേശിച്ചിരുന്നു. ഈ നിർദ്ദേശം പാലിക്കാതെ പുതിയ കെട്ടിട നിർമ്മാണത്തിനും ഗ്രാമപഞ്ചായത്ത് അനുമതി നൽകിയിട്ടുണ്ട്. പന്ത്രണ്ടോളം കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാകാത്ത ഗുരുതര പ്രശ്നമായിരുന്നിട്ടുകൂടി മലിനീകരണത്തിനെതിരെ ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. വർഷങ്ങളായി കുടിവെള്ളം വില കൊടുത്ത് വാങ്ങേണ്ട അവസ്ഥയിലാണ് ഈ കുടുംബങ്ങൾ. ഇതു സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നുണ്ട്. ഈ വിഷയം അന്വേഷണ വിധേയമാക്കുവാനും, ഭരണതലത്തിൽ (ഡി ഡി പി) തുടർ നടപടി സ്വീകരിക്കുവാനും ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-6 പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് ചട്ടം നടപ്പിലാക്കിയില്ല

കേന്ദ്ര സർക്കാരിന്റെ പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 പ്രകാരം ചട്ടം നിലവിൽ വന്ന് ആറ് മാസത്തിനകം ഗ്രാമപഞ്ചായത്ത് ഇത് സംബന്ധിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിരുന്നു. ചട്ടം 4 പ്രകാരം പ്ലാസ്റ്റിക് ക്യാരീബാഗുകളുടെ കുറഞ്ഞ കനം 40 മൈക്രോണിൽ നിന്ന് 50 മൈക്രോണായി ഉയർത്തിയിട്ടുണ്ട്. 50 മൈക്രോണിൽ താഴെ കനമുള്ള ക്യാരിബാഗ് ഉൾപ്പടെയുള്ള പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ വിൽപ്പന, നിർമ്മാണം, വിതരണം, ഉപയോഗം എന്നിവ നിരോധിക്കേണ്ടതുമാണ്.

നിയമപ്രകാരമല്ലാതെ പ്ലാസ്റ്റിക് ക്യാരീബാഗുകളിലും, മൾട്ടി ലെയർ പാക്കേജുകളിലും സാധനങ്ങൾ നൽകുന്ന കച്ചവടക്കാരോട് പിഴ ഈടാക്കാവുന്നതാണ്. ചട്ടം 15 പ്രകാരം പ്ലാസ്റ്റിക് ക്യരീബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്ന കച്ചവടക്കാർ വഴിവാണിഭക്കാർ തുടങ്ങിയവർ ഗ്രാമപഞ്ചായത്തിൽ നിന്നും രജിസ്ട്രേഷൻ ലഭിക്കുന്നതിനായി പ്രതിമാസം 4,000 രൂപ നിരക്കിൽ കുറഞ്ഞത് 48,000 രൂപ പ്ലാസ്റ്റിക് മാലിന്യ ഫീസിനത്തിൽ പ്രതി വർഷം തദ്ദേശ സ്ഥാപനങ്ങളിൽ ഒടുക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ നിയമാനുസൃതം രജിസ്റ്റർ ചെയ്യാത്ത കച്ചവടക്കാർ പ്ലാസ്റ്റിക് ക്യാരിബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്നത്

നിയമവിരുദ്ധമാണെന്ന പ്രചാരണം പഞ്ചായത്ത് തലത്തിൽ നൽകേണ്ടതുമുണ്ട്.പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ശേഖരണം, നീക്കം ചെയ്യൽ,സംഭരണം, സംസ്കരണം എന്നിവയ്ക്ക് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 -ലെ നിർദ്ദേശ പ്രകാരം പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ (ഡി.സി)വകുപ്പിന്റെ 24.09.2016-ലെ 576/ഡി.സി.1/16/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇതോടനുബന്ധിച്ച് മാതൃകാ ബൈലോയും പുറപ്പെടുവിച്ചിട്ടുണ്ട്. ബൈലോ തയ്യാറാക്കി അടിയന്തിരമായി പ്രസിദ്ധപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. 28/7/2017 ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി ബൈലോ തയ്യാറാക്കുന്ന കാര്യം ചർച്ച ചെയ്തതായി കാണുന്നു. ബൈലോ അംഗീകരിച്ച് അടിയന്തിരമായി പ്രസിദ്ധപ്പെടുത്തേണ്ടതും പ്ലാസ്റ്ററിംഗ് ഷ്രഡിംഗ് മെഷീൻ പ്രവർത്തന സജ്ജമാക്കി പ്ലാസ്റ്റിക് സംസ്കരണത്തിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 3-7 പൊതു ടാപ്പുകളുടെ വെള്ളക്കരം- വാർഷിക ബാദ്ധ്യത 14.39ലക്ഷം രൂപ

പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 119875 രൂപയാണ് വാട്ടർ അതോറിറ്റിയിൽ ഒടുക്കുന്നത്. ഒരു ടാപ്പിന് പ്രതിവർഷം 5250 രൂപ നിരക്കിൽ 274 ടാപ്പുകളുടെ തുകയാണിത്. ഈയിനത്തിൽ പ്രതിവർഷം 1438500രൂപ ചെലവാകുന്നുണ്ട്. പൊതു ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തുന്നതിനായി വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിനായി കത്ത് നൽകിയെങ്കിലും തുടർ നടപടിയുണ്ടായിട്ടില്ല. വാട്ടർ ടാപ്പുകൾ മിക്കതും പ്രവർത്തനക്ഷമമല്ലെന്ന് നേരിട്ട് പരിശോധിച്ചതിൽ വ്യക്തമായി. ഉപയോഗിക്കാത്ത വെള്ളത്തിനാണ് ലക്ഷക്കണക്കിന് രൂപ വെള്ളക്കരമിനത്തിൽ പ്രതിവർഷം അടയ്ക്കേണ്ടി വരുന്നത്. അടിയന്തിരമായി സംയുക്തപരിശോധന നടത്തി ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തി വെള്ളക്കരത്തിന്റെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ പരിഷ്കരിച്ച സബ്സിഡി മാർഗരേഖ പ്രകാരം (16.11.2013 ലെ ജി.ഒ.(എം.എസ്.) 362/2013/ ത.സ്വ.ഭ.വ.) പൊതു ടാപ്പുകളുടെ എണ്ണം പരമാവധി കുറയ്ക്കുന്നതിനായി, ഗാർഹിക കണക്ഷൻ പ്രോത്സാഹിപ്പിക്കേണ്ടതാണെന്നും വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പൈപ്പ് ലൈനിൽ നിന്നും ഗാർഹിക കണക്ഷൻ എടുക്കുന്നതിനുള്ള പ്രവൃത്തി ചെയ്തിട്ടുണ്ടെന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് അർഹതയുള്ളവർക്ക് അനുവദനീയമായ സബ്സിഡി (പൊതുവിഭാഗത്തിന് 4000 രൂപയും പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗത്തിന് 6000 രൂപയും) നൽകാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം അർഹതയുള്ള ഗുണഭോക്താക്കൾക്ക് ഗാർഹിക കണക്ഷൻ എടുക്കുന്നതിന് സബ്സിഡി നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് വെള്ളക്കരം ഇനത്തിലുള്ള ഭീമമായ ആവർത്തന ചെലവ് കുറച്ചുകൊണ്ട് വരുന്നതിന് ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കുന്നത് ഉചിതമായിരിക്കും. ഈ വിഷയത്തിലേയ്ക്ക് പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-8 തെരുവ് വിളക്കുകളുടെ പരിപാലനം; വൻ തുക പാഴ്ചെലവാകുന്നു - അടിയന്തിര നടപടി അനിവാര്യം

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന ഗുരുതരമായ അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

*1) തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ; പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല*

തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി 2011-12-ൽ ഗ്രാമപഞ്ചായത്ത് 192000 രൂപ കെ.എസ്.ഇ.ബി.-യിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു. എന്നാൽ നാളിതുവരെ മീറ്ററുകൾ പ്രവർത്തന സജ്ജമാക്കാൻ കെ.എസ്.ഇ.ബി.യ്ക്കു സാധിച്ചിട്ടില്ല. ഇതിനെതിരേ യാതൊരു നടപടികളും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നതിന് ഗ്രാമപഞ്ചായത്തിൽ മോണിട്ടറിംഗ് സമിതി രൂപീകരിക്കേണ്ടതാണെന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല. തൽഫലമായി യഥാർത്ഥത്തിൽ ഉപയോഗിക്കുന്ന വൈദ്യുതിയുടെ അളവിന്റെ അടിസ്ഥാനത്തിലല്ലാതെ വിവിധ തരം തെരുവ് വിളക്കുകൾക്കുള്ള നിശ്ചിത പ്രതിമാസ താരിഫ് ഇനത്തിൽ വൻതുക ഗ്രാമപഞ്ചായത്തിന് ഒടുക്കേണ്ടിവരുന്നു. ഇപ്രകാരം കരാർ കാലയളവിൽ മീറ്റർ പ്രവർത്തന ക്ഷമമാക്കാതിരുന്നതുകോണ്ടുള്ള നേട്ടം ലഭിക്കുന്നത് കെ.എസ്.ഇ.ബി.യ്ക്കാണ്. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ പ്രതിമാസം ലക്ഷക്കണക്കിന് രൂപ പാഴാകുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് ഫലപ്രദമായ തുടർനടപടികൾ സ്വീകരിക്കുന്നില്ല.

*2) നിലവിലില്ലാത്ത ബൾബുകൾക്ക് താരിഫ് നൽകുന്നു - പ്രതിവർഷ നഷ്ടം 7.1ലക്ഷം രൂപ*

നിലവിലില്ലാത്ത 966 ഓർഡിനറി ബൾബുകൾക്ക് വർഷങ്ങളായി ഗ്രാമപഞ്ചായത്ത് വൻതുക വൈദ്യുതി ചാർജ്ജ് ഒടുക്കിവരുന്നു. പ്രതിമാസം 58926/ രൂപയാണ് പ്രതിമാസം അധികമായി അടയ്ക്കുന്നത്. 2011-12 വർഷം മുതലുള്ള ഓഡിറ്റ് റിപ്പോർട്ടുകളിൽ ഇത് സംബന്ധിച്ച പരാമർശിച്ചിട്ടുണ്ടെങ്കിലും അപാകത പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. സി.എഫ്.എൽ, എൽ.ഇ.ഡി വിളക്കുകൾ മാത്രമാണ് ഗ്രാമപഞ്ചായത്ത് തെരുവ് വിളക്കുകൾക്കായി വാങ്ങുന്നത്. ഊർജ്ജ ഉപഭോഗം കുറവുള്ള വിളക്കുകൾ ഉപയോഗിച്ചിട്ടും തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ പ്രതിമാസം 92484/ രൂപയാണ് ഒടുക്കിവരുന്നത്.

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഗ്രാമപഞ്ചായത്ത് ഒടുക്കുന്ന തുകയിൽ 50ശതമാനത്തിൽ ഏറെയും ഓർഡിനറി ബൾബുകളുടെ താരിഫ് ഇനത്തിലാണ്. ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള വൈദ്യുതോപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ഓർഡിനറി ബൾബുകൾ അവസാനമായി വാങ്ങിയിരിക്കുന്നത് 2010-ൽ ആണെന്ന് കാണുന്നു. ഒരു ഓർഡിനറി

ബൾബിന്റെ ശരാശരി ആയുസ്സ് 1000 മുതൽ 2000 മണിക്കൂർ മാത്രമാണ്. 2010-ന് ശേഷം ഓർഡിനറി ബൾബുകൾ ഒന്നും വാങ്ങി ഉപയോഗിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ നിലവിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഓർഡിനറി ബൾബുകൾ ഉപയോഗിച്ചുള്ള തെരുവ് വിളക്കുകൾ ഒന്നും തന്നെ നിലവിലില്ലെന്ന് സ്പഷ്ടമാണ്.

നിലവിലില്ലാത്ത ഓർഡിനറി ബൾബുകൾക്കാണ് പ്രതിമാസം 58926രൂപ വീതം കഴിഞ്ഞ ആറ് വർഷകാലമായി ഗ്രാമപഞ്ചായത്ത് വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്നത്. ഓഡിറ്റ് കാലയളവിൽ (01.04.16 മുതൽ 31.03.17 വരെ) ഈ ഇനത്തിൽ 7.1 ലക്ഷം രൂപയാണ് ഗ്രാമപഞ്ചായത്ത് പാഴാക്കിയത്. കഴിഞ്ഞ അഞ്ച് വർഷകാലത്തെ ഈ ഇനത്തിലുള്ള സഞ്ചിത നഷ്ടം ഉദ്ദേശ്യം 51ലക്ഷം രൂപയാണ്. ഗ്രാമപഞ്ചായത്ത് ഫണ്ടിന് വലിയ ബാദ്ധ്യത സൃഷ്ടിക്കുന്ന ഒരു ആവർത്തന ചെലവ് എന്ന നിലയിൽ പ്രകാശിക്കുന്ന തെരുവ് വിളക്കുകൾക്കുമാത്രമാണ് വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതെന്നും, വൈദ്യുതി ചാർജ്ജ് ന്യായയുക്തമാണെന്നും ഉറപ്പുവരുത്തേണ്ട തുണ്ട്.

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഗണ്യമായ തുക പാഴ്ച്ചെലവ് ആകുന്ന സാഹചര്യത്തിൽ, തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്ന നടപടി എത്രയും വേഗം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഹ്രസ്വകാല നടപടി എന്ന നിലയിൽ ഒരു സംയുക്ത പരിശോധനയിലൂടെ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുള്ള പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ തിട്ടപ്പെടുത്തി തെരവ് വിളക്കുളുടെ രജിസ്റ്റർ തയ്യാറാക്കുന്നതിനും, നിലവിലില്ലാത്ത ഓർഡിനറി ബൾബുകളുടെ വൈദ്യുതി ചാർജ്ജ് ഒഴിവാക്കുന്നതിനും സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-9 വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - നിർവ്വഹണ വിവരങ്ങൾ ലഭ്യമല്ല

2016-17 സാമ്പത്തികവർഷം വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ ചുവടെ പറയുന്ന പ്രോജക്ടുകൾ പ്രകാരം മുപ്പത്തിരണ്ട് ഗുണഭോക്താക്കൾക്ക് കറവപ്പശു /കിടാരി വാങ്ങുന്നതിന് ബാങ്ക് ലോണിന്റെ ഭാഗമായി മുൻകൂർ സബ്സിഡി തുക ബാങ്കിൽ ഒടുക്കിയിട്ടുണ്ട്.

| പ്രോജക്ടിന്റെ പേര്, പ്രോജക്ട് നം. | ചെലവഴിച്ച തുക, ഫണ്ട് | ഗുണഭോക്താക്കളുടെ എണ്ണം | ബിൽ നം./ തീയതി |
|---|---|---|---|
| കിടാരി വളർത്തൽ, S0067/2017 | 45000 (വികസനഫണ്ട് ജനറൽ) | 5 | 3/16-17 20.03.2017 |
| കറവപ്പശു വളർത്തൽ, S0127/2017 | 105000 (എസ്.സി.പി) | 7 | 4/16-17 23.03.2017 |
| കറവപ്പശു വളർത്തൽ, S064/2017 | 300000 (വികസനഫണ്ട് ജനറൽ) | 20 | 5/16-17 30.03.2017 |

പ്രസ്തുത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച് ചുവടെ ചേർക്കുന്ന അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

1. 32 ഗുണഭോക്താക്കൾക്ക് അതത് ബാങ്കുകളിൽനിന്ന് ലോൺ അനുവദിച്ച് തുക അവരുടെ അക്കൗണ്ടിലേക്ക് നൽകിയതിന്റെ വിവരങ്ങൾ ലഭ്യമല്ല. കൂടാതെ ഗുണഭോക്താക്കൾക്ക് പശുവിനെ വിറ്റ വ്യക്തികളുടെ അക്കൌണ്ടിലേക്ക് തുക നൽകിയിട്ടുണ്ടോ എന്നതിന്റെ വിശദാംശങ്ങളും ഇല്ല. ഇക്കാരണത്താൽ, സബ്സിഡിത്തുകകൂടി ചേർത്ത് പശുക്കളെ വാങ്ങിയതിന് സ്ഥിരീകരണം സാദ്ധ്യമല്ല.
2. ഉരുക്കളെ കറഞ്ഞത് മൂന്ന വർഷം വളർത്തുമെന്ന് ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥയുമായി കരാർ വച്ചിട്ടില്ല. അതിനാൽ പ്രോജക്ട് പ്രകാരം ലഭിച്ച ഉരുക്കളെ വിൽക്കുന്ന സാഹചര്യമുണ്ടായാൽ, നൽകിയ സബ്സിഡിത്തുക തിരികെ

ഈടാക്കാൻ സാധിക്കില്ല.

3. പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ [ജി.ഒ(പി) നം.04/2016തസ്വ.ഭ.വ തീയതി 11.01.2016] പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് കറവപ്പശുവിനെ വാങ്ങുന്നതിന് പശുവിന്റെ വിലയുടെ 75% (പരമാവധി 20000) രൂപ നൽകാവുന്നതാണ്. എന്നാൽ എസ്.സി.പി ഫണ്ട് ചെലവഴിച്ച 'കറവപ്പശു വളർത്തൽ' (S0127/2017) പ്രോജക്ടിന്റെ ഗുണഭോക്താക്കൾക്ക് 15000രൂപവീതം മാത്രമാണ് നൽകിയിട്ടുള്ളത്. പ്രോജക്ടിൽ മതിയായ തുക വകയിരുത്തിയിരുന്നു. അൻപതിനായിരം രൂപ ചെലവഴിച്ച് പശുവിനെ വാങ്ങിയവർക്ക് അർഹമായ 20000രൂപ സബ്സിഡി അനുവദിക്കാതിരുന്നത് ശരിയല്ല.
4. കിടാരികളെ / പശുക്കളെ വാങ്ങുന്നതിന് പർച്ചേസ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം തേടിയും രേഖകൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടും നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് 31.07.2017ൽ 16-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ ഇതിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ സുതാര്യതയില്ലാതെ ചെലവഴിച്ച 450000രൂപ തടസ്സപ്പെടുത്തുന്നു.

## 3-10 ലാബ് ഉപകരണങ്ങൾ ലഭിച്ചിട്ടും പി.എച്ച്.സിയിൽ നാളിതുവരെ ലാബ് സജ്ജീകരിച്ചിട്ടില്ല

പി.എച്ച്.സിയിൽ ലാബ് സൗകര്യം ഒരുക്കുന്നതിനായി എൻ.ആർ.എച്ച്.എം-ൽ നിന്നും താഴെപ്പറയുന്ന ഉപകരണങ്ങൾ ലഭിച്ചെങ്കിലും നാളിതുവരെ ലബോറട്ടറി പ്രവർത്തന സജ്ജമാക്കിയിട്ടില്ല.

| ഉപകരണങ്ങളുടെ പേര് | വില | സ്റ്റോക്കിലെടുത്ത തീയതി |
|---|---|---|
| മെഡിക്കൽ ഇൻക്യുബേറ്റർ | 15600 | 8/3/12 |
| ബൈനോക്കുലർ മൈക്രോസ്കോപ്പ് | 34008 | 5/9/12 |
| ജനറൽ പർപ്പസ് സെൻട്രിഫ്യൂജ് | 10316 | 16/7/12 |
| ഡിജിറ്റൽ മൈക്രോ പ്രോസ്സസ്സർ | 6796 | 6/7/12 |
| ആകെ | 66720 | |

66720 രൂപയുടെ ഉപകരണങ്ങൾ വർഷങ്ങളായി ഉപയോഗിക്കാതെ സൂക്ഷിക്കുന്ന സാഹചര്യമാണുള്ളത്. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്തിലാണ് ലാബ് പ്രവർത്തനസജ്ജമാക്കാതിരുന്നത് എന്ന് പി.എച്ച്.സി അധികൃതർ വ്യക്തമാക്കിയെങ്കിലും ഇക്കാര്യം ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നതായി കാണുന്നില്ല. ആയതിനാൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ലാബ് പ്രവർത്തന സജ്ജമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 ക്വട്ടേഷൻ ക്ഷണിക്കാതെ ഉപകരണങ്ങൾ വാങ്ങി

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷം നടപ്പിലാക്കിയ പ്രോജക്ടിന്റെ ഭാഗമായി റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 50820/ രൂപ ഉപയോഗിച്ച് പി.എച്ച്സി യുടെ ഫാർമസിയിൽ എ.സി സ്ഥാപിക്കുന്നതിനായുള്ള ഉപകരണങ്ങൾ ക്വട്ടേഷൻ കൂടാതെ മാക്സ് വെൽ ഏജൻസീസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്.(ബ്ലൂ സ്റ്റാർ 1.5Tr A.C, ബിൽ നം-6/17-22/2/17). സ്റ്റോർ പർച്ചേസ് മാനവൽ അനുസരിച്ച് 15000 രൂപ മുതൽ 1 ലക്ഷം രൂപ വരെയുള്ള വാങ്ങലുകൾ ക്വട്ടേഷൻ ക്ഷണിച്ച് മാത്രമേ വാങ്ങാവൂ എന്നിരിക്കേ നേരിട്ട് സ്ഥാപനത്തിൽ നിന്നും ഉപകരണങ്ങൾ വാങ്ങിയത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. കേരള മെഡിക്കൽ സർവ്വീസ്സസ് കോർപ്പറേഷനുമായി റണ്ണിംഗ് കോൺട്രാക്ടുള്ള സ്ഥാപനമായതിനാലാണ് ടി സ്ഥാപനത്തിൽ നിന്നും വാങ്ങിയതെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ

വകുപ്പിന്റെ 2/12/16-ലെ ജി.ഒ(എം.എസ്)3299/16 നമ്പർ ഉത്തരവ് പ്രകാരം സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ സ്വന്തമായി നിർമ്മിക്കുന്ന സാധനങ്ങൾ മാത്രമേ ടെണ്ടർ കൂടാതെ ടി സ്ഥാപനങ്ങളിൽ നിന്നും വാങ്ങാവൂവെന്നും അല്ലാത്തവ ഓപ്പൺ ടെണ്ടർ/ക്വട്ടേഷൻ മുഖേന വാങ്ങണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ അപാകത ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതും സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ച് വാങ്ങലുകൾ നടത്തേണ്ടതുമാണ്.

## 3-12 ആധുനിക വാതക ശ്മശാനം നിർമ്മിക്കുന്നതിന് നടപടിയില്ല

ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ പൊതുശ്മശാനത്തിന് അനുയോജ്യമായ സ്ഥലം ലഭ്യമാണെങ്കിലും വാതകശ്മശാനം നിർമ്മിക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചില്ല.

തൻവർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി (S0149/17, അടങ്കൽ 45ലക്ഷം) ഇതിന് സംയുക്ത പദ്ധതി തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്തിൽ നിന്നും 40 ലക്ഷം രൂപ 4/2017 ൽ ലഭിച്ചിരുന്നു. എന്നാൽ ശുചിത്വമിഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി വാതകശ്മശാനത്തിന് എസ്റ്റിമേറ്റ് ഇതേവരെ തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിച്ചിട്ടില്ല. ഇക്കാരണത്താൽ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ പോലും തുടങ്ങാനാവാത്ത സ്ഥിതിയിലാണ്.

2017-18 ലെ സംസ്ഥാന ബഡ്ജറ്റിൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽ 100 % ധനസഹായത്തോടെ ആധുനിക വാതക ശ്മശാനം നിർമ്മിക്കുന്നതിന് KIIFB മുഖേന ഫണ്ട് വകയിരുത്തിയിട്ടുള്ള സാഹചര്യത്തിൽ ആധുനിക വാതക ശ്മശാനം നിർമ്മിക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-13 പഠനമുറി നിർമ്മാണം - അസിസ്റ്റന്റ് എഞ്ചിനീയർ അളവ് രേഖപ്പെടുത്താതെ ആനുകൂല്യം നൽകി

2016-17 സാമ്പത്തികവർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ 'എസ്.സി സ്കൂൾ വിദ്യാർത്ഥികൾക്ക് പഠനമുറി ' (പ്രോജക്റ്റ് നം.S0091/2017) , 'എസ്.സി കോളജ് വിദ്യാർത്ഥികൾക്ക് പഠനമുറി' (പ്രോജക്റ്റ് നം.S0095/2017) എന്നീ പ്രോജക്ടുകൾ പ്രകാരം 35ഗുണഭോക്താക്കൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് എസ്.സി.പി.ഫണ്ടിൽനിന്നും ഒരാൾക്ക് ഒരു ലക്ഷം രൂപവീതം (ആകെ 35,00,000രൂപ) ചെലവഴിച്ചിട്ടുണ്ട്. (ബിൽ നം. 3/16-17 തീയതി 21.02.2017 തുക – 100000/-, ബിൽ നം.4/16-17 തീയതി 03.03.2017 തുക 3400000) നിർമ്മിക്കുന്ന പഠനമുറിക്ക് 120ച.അടിയിൽ കുറയാത്ത വിസ്തീർണ്ണം ഉണ്ടായിരിക്കണമെന്നും എസ്റ്റിമേറ്റ് തയ്യാറാക്കി എൽ.എസ്.ജി.ഡി എഞ്ചിനീയർ മെഷർമെന്റ് എടുക്കണമെന്നും, മെഷർമെന്റ് അടിസ്ഥാനമാക്കി പരമാവധി ഒരു ലക്ഷം രൂപവരെ അനുവദിക്കാവുന്നതാണെന്നും സർക്കാർ ഉത്തരവ് (സാധാ) നം.626/2016/ത.സ്വ.ഭ.വ തീയതി 15.02.2016ൽ നിഷ്കർഷിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ പ്രോജക്ടുകളുടെ ഫയൽ പരിശോധിച്ചതിൽ, പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ല എന്നു കാണുന്നു. എസ്റ്റിമേറ്റില്ലാതെയും നിർമ്മാണം പൂർത്തീകരിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ മെഷർമെന്റ് എടുക്കാതെയും തുക നൽകിയതിന്റെ കാരണം ആരാഞ്ഞ് അസിസ്റ്റന്റ് സെക്രട്ടറിക്ക് 28.07.2017ൽ 12-ാം നമ്പർ ഓഡിറ്റ് എൻക്വയറി നല്കിയിരുന്നു. ഇതിനു മറുപടിയായി, സമയ പരിമിതി മൂലമാണ് മെഷർമെന്റ് എടുക്കാതിരുന്നതെന്നും അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അളവ് രേഖപ്പെടുത്തി രേഖകൾ ലഭ്യമാക്കുന്നതാണെന്നും അസിസ്റ്റന്റ് സെക്രട്ടറി മറുപടി ലഭ്യമാക്കി. രേഖകൾ ലഭ്യമാകുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-14 കുടുംബശ്രീ മിഷനിൽനിന്നും ലഭിച്ച കാർഷിക ഉപകരണങ്ങൾ പ്രയോജനപ്പെടുത്തുന്നില്ല

ഗ്രാമപഞ്ചായത്തിൽ കാർഷിക സഹായ കേന്ദ്രം ആരംഭിക്കുന്നതിനായി കുടുംബശ്രീ ജില്ലാ മിഷനിൽനിന്നും 2013-14വർഷം കാർഷിക യന്ത്രോപകരണങ്ങൾ ലഭിച്ചിരുന്നു. ഇപ്രകാരം ലഭിച്ച ഉപകരണങ്ങൾ ഉപയോഗപ്പെടുത്തി കാർഷിക സഹായകേന്ദ്രം ആരംഭിക്കുന്നതിനും കർഷകർക്ക് ന്യായമായ നിരക്കിൽ വാടകയ്ക്ക് നൽകി സി.ഡി.എസ്. ഫണ്ടിൽ മുതൽക്കൂട്ടുന്നതിനുമായിരുന്നു ഉദ്ദേശിച്ചിരുന്നത്. എന്നാൽ നാളിതുവരെ ഇപ്രകാരമൊരു കാർഷിക സഹായ കേന്ദ്രം ആരംഭിച്ചിട്ടില്ല. ലഭിച്ച ഉപകരണങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം | നിരക്ക് | വില |
|---|---|---|---|---|
| 1 | Portable Pumpset with hose | 1 | 20356 | 20356 |
| 2 | Sprayer (Motor) Aspee Bolo | 1 | 6953 | 6954 |

| | | | | |
|---|---|---|---|---|
| 3 | Knapsack Sprayer 9 ltr | 1 | 4050 | 4050 |
| 4 | Coconut Climber | 2 | 2900 | 5800 |
| 5 | Cono Weeder | 1 | 2500 | 2500 |
| 6 | Garden Fork | 1 | 76 | 76 |
| 7 | Knapsack Sprayer 13 ltr | 3 | 1975 | 5925 |
| 8 | Mammatty | 2 | 380 | 760 |
| 9 | Thoompa | 9 | 341 | 3069 |
| 10 | Metal Chatty | 5 | 102 | 510 |
| | TOTAL | | | 50000 |

ഗ്രാമപഞ്ചായത്തിലെ കർഷകർക്ക് വളരെയേറെ പ്രയോജനപ്പെടുമായിരുന്ന ഈ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാതിരുന്നത് സി.ഡി.എസ്. അധികൃതരുടെ ഭാഗത്തുനിന്നുള്ള കൃത്യവിലോപമാണ്. കുടുംബശ്രീ മിഷൻ വിഭാവനം ചെയ്തിരുന്നപോലെയുള്ള കാർഷിക സഹായ കേന്ദ്രം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-15 ആസ്തി രജിസ്റ്റർ പൂർണ്ണമല്ല

ആസ്തികളുടെ കണക്കെടുത്ത് ആസ്തി രജിസ്റ്റർ പൂർണ്ണമാക്കുന്നതിനും പഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുക്കൾ അളന്ന് തിട്ടപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടില്ല. 2012-13 ന് ശേഷം ആർജ്ജിച്ച ആസ്തികളുടെ വിശദാംശങ്ങൾ ഒന്നും തന്നെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഉദാഹരണമായി 2015-16 വർഷം എസ്.സി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഫ്ലാറ്റ് നിർമ്മിക്കുന്നതിനായി 8.09 ആർ സ്ഥലം 10ലക്ഷം രൂപയ്ക്ക് വാങ്ങിയിരുന്നു.കൂടാതെ എസ്.സി.വിഭാഗക്കാർക്ക് ശ്മശാന നിർമ്മാണത്തിനായി 2.10 ആർ സ്ഥലവും 15-16 ൽ വാങ്ങിയിരുന്നു. വസ്തു പഞ്ചായത്തിന്റെ പേരിൽ പോക്കുവരവ് ചെയ്ത് കരം അടച്ചിട്ടുണ്ടെങ്കിലും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. 2016-17 വർഷം ഗ്രാമപഞ്ചായത്ത് വാങ്ങിയ മഹീന്ദ്ര ബൊലേറോ ജീപ്പ്, മഹീന്ദ്ര പിക്കപ്പ് വാൻ എന്നിവയും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കൃത്യമാക്കുന്നതിന് അസിസ്റ്റന്റ് സെക്രട്ടറിയുടെ മേൽനോട്ടത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-16 പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് മെഷീൻ ; 4.6 ലക്ഷം രൂപയുടെ ചെലവ് നിഷ്ഫലം

അനുബന്ധ സൗകര്യങ്ങൾ ഒരുക്കാതെ പ്ലാസ്റ്റിക് - ഇവേയ്സ്റ്റ് ഷ്രഡ്ഡിംഗ് മെഷീൻ വാങ്ങിയതുമൂലം 460000/- രൂപ(ബിൽ നം. 30/17 തീയതി 31.03.2017) ചെലവഴിച്ച് വാങ്ങിയ ആസ്തി പ്രയോജനപ്പെടുത്താൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ഗ്രാമപഞ്ചായത്ത് വക പുല്ലാട് മാർക്കറ്റിലുള്ള കെട്ടിടത്തിൽ മെഷീൻ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുവാൻ ആണ് ഉദ്ദേശിച്ചിരുന്നത്. എന്നാൻ ത്രീഫേസ് കണക്ഷൻ ഇല്ലാത്തതിനാൽ ഷ്രഡ്ഡിംഗ് മെഷീൻ സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടില്ല. ഇലക്ട്രിഫിക്കേഷന് എസ്റ്റിമേറ്റിനു വേണ്ടി പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ വിംഗിന് കത്തയച്ചിട്ടുണ്ടെങ്കിലും തുടർ നടപടികളുണ്ടായിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിന് പ്ലാസ്റ്റിക് ശേഖരിച്ച് സംസ്കരിക്കുന്നതിന് ശാസ്ത്രീയ മാർഗ്ഗങ്ങൾ വേണമെന്ന് ഗ്രാമസഭകളിൽ നിരന്തര ആവശ്യം ഉണ്ടായതിനാലാണ് പ്രോജക്ട് ആവിഷ്കരിച്ചതെന്നും ഇലക്ട്രിഫിക്കേഷൻ പൂർത്തിയാക്കി ഷ്രഡ്ഡിംഗ് മെഷീൻ അടിയന്തിരമായി പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കുമെന്നും സെക്രട്ടറി അറിയിച്ചു.

## 3-17 തുക മുൻകൂറായി നൽകിയെങ്കിലും മരുന്നുകൾ, പാലിയേറ്റീവ് കെയർ രോഗികൾക്കാവശ്യമായ ഉപകരണങ്ങൾ എന്നിവ നാളിതുവരെ ലഭിച്ചിട്ടില്ല

2016-17 വാർഷിക പദ്ധതിയുടെ ഭാഗമായി മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥനായി ഹോസ്പിറ്റലിനാവശ്യമായ മരുന്നുകൾ, പാലിയേറ്റീവ് കെയർ പ്രോജക്ടിൽ ഉൾപ്പെടുന്ന രോഗികൾക്കാവശ്യമായ മരുന്നുകൾ,

ഉപകരണങ്ങൾ എന്നിവയ്ക്കായി തുക അഡ്വാൻസായി നൽകിയെങ്കിലും നാളിതുവരെ മരുന്നുകളും ഉപകരണങ്ങളും ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ വിശദാംശം | നിർവ്വഹണ ഉദ്യോഗസ്ഥൻ | നിർവ്വഹണ ഏജൻസി | അഡ്വാൻസായി നൽകിയ തുക | നാളിതു വരെ ലഭിച്ചത് | ലഭിക്കാൻ ബാക്കിയുള്ളത് |
|---|---|---|---|---|---|
| പാലിയേറ്റീവ് കെയർ പദ്ധതി<br>40/17, അടങ്കൽ- 430000/<br>(വികസന ഫണ്ട്)<br>200000/ (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>500000/-(ജില്ലാ പഞ്ചായത്ത് വിഹിതം) | എം.ഒ, പി.എച്ച്.സി | കേരള മെഡിക്കൽ സർവ്വീസ്സസ് കോർപ്പറേഷൻ | 1) മരുന്നുകൾ<br>എ) 374000/-<br>ചെക്ക് നംപർ- 3306461/28.3.17<br>ബി) 80000-<br>ബിൽ നമ്പർ- 5/17 തീയതി 21/02/17<br>2)ഉപകരണങ്ങൾ (വീൽ ചെയർ, എയർ ബെഡ്സ് മുതലായവ)<br>134795/-<br>8249871തീ.30/3/17 | - | 588795 |
| | | ഔഷധി | ആയുർവേദ മരുന്നുകൾ<br>25000/- | | 25000 |
| പി.എച്ച്.സി-യ്ക്ക് ആവശ്യമായ മരുന്ന് വാങ്ങൽ, 39/17<br>അടങ്കൽ- 300000/(മെയിന്റനൻസ് ഗ്രാന്റ്, നോൺ റോഡ്) | എം.ഒ, പി.എച്ച്.സി | കേരള മെഡിക്കൽ സർവ്വീസ്സസ് കോർപ്പറേഷൻ | 300000/-<br>ബിൽ നം.5/17 തീ.7/2/17 | - | 300000 |
| | | ആകെ | | | 913795- |

പാലിയേറ്റിവ് കെയർ പ്രോജക്ടിനാവശ്യമായ മരുന്നുകൾ വാങ്ങുന്നതിനായി 454000/- രൂപയും ഹോസ്പിറ്റലിനാവശ്യമായ മരുന്നുകൾക്കായി 300000/- രൂപയും മെഡിക്കൽ സർവ്വീസ്സസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. പി.എച്ച്.സിയ്ക്ക് ആവശ്യമായ മരുന്നുകൾ ഡിപ്പാർട്ട്മെന്റ് മുഖേന ലഭിക്കുന്നുണ്ടെങ്കിലും ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവെയ്ലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങാതെയാണ് മരുന്ന് വാങ്ങുന്നതിനായി തുക നൽകിയത്. മരുന്നുകളും പാലിയേറ്റീവ് കെയർ രോഗികൾക്കാവശ്യമായ ഉപകരണങ്ങളും യഥാസമയം ലഭിക്കാത്തത് കടുത്ത പ്രതിസന്ധിയുണ്ടാക്കുന്നുണ്ട്. ആയതിനാൽ ഭരണ സമിതി ഇടപെട്ട് ഇവ അടിയന്തിരമായി ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-18 ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചത്- 8.55 ലക്ഷം രൂപ

ഗ്രാമപഞ്ചായത്തിന്റെ 2016-17വാർഷിക പദ്ധതിയിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തി നടപ്പിലാക്കിയ പ്രോജക്ടുകൾ പരിശോധിച്ചതിൽ പദ്ധതി മാർഗ്ഗരേഖ പ്രകാരം (സ.ഉ(എം.എസ്)4/16/ത.സ്വ.ഭ.വ-തീ11/1/16ഖ-12(6))അനുവദനീയമല്ലാത്ത പ്രോജക്ടുകൾ ക്കായി 855000/ രൂപ ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾ മെച്ചപ്പെട്ട രീതിയിൽ നിറവേറ്റുന്നതിന് ധനസഹായം ലഭ്യമാക്കുക എന്നതാണ് 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് കൊണ്ട് ലക്ഷ്യമിടുന്നത്. ചുവടെ പറയുന്ന അടിസ്ഥാന സേവന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിപുലപ്പെടുത്തുന്നതിനും വേണ്ടി മാത്രമായിരിക്കണം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവഴിക്കേണ്ടത്.

1)കുടിവെള്ള വിതരണം

2)ശുചിത്വം

3)മലിന ജല നിർഗ്ഗമന സംവിധാനം, ഖരമാലിന്യ പരിപാലനം

4)സാമൂഹ്യ ആസ്തികളുടെ സംരക്ഷണം, പരിപാലനം

5)ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള റോഡുകളുടെ സംരക്ഷണം, പരിപാലനം

6)ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള റോഡിനിരുവശവുമുള്ള നടപ്പാതകൾ, സ്ട്രീറ്റ് ലൈറ്റുകൾ

7) ശ്മശാനങ്ങൾ സ്ഥാപിക്കൽ

ഓരോ വർഷവും ഒരു അടിസ്ഥാന മേഖലയ്ക്ക് മുൻഗണന നൽകി അതിനുവേണ്ടി കൂടുതൽ തുക വകയിരുത്തി ആ മേഖലയിലെ ആവശ്യങ്ങൾ പൂർണ്ണമായി പരിഹരിക്കുന്നതിനാണ് സർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്. എന്നാൽ സർക്കാർ നിർദ്ദേശങ്ങളിൽ നിന്ന് വ്യതിചലിച്ച് ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തി ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ വിശദാംശം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | സമഗ്ര പുരയിട കൃഷി, 45/17 | 200000 | 200000 |
| 2 | സമഗ്ര വാഴകൃഷി വികസനം, 46/17 | 150000 | 150000 |
| 3 | കിടാരി വളർത്തൽ, 66/17 | 55000 | - |
| 4 | പേവിഷ നിർമ്മാർജ്ജനം, 115/17 | 25000 | 25000 |
| 5 | മുട്ടക്കോഴി വിതരണം, 121/17 | 60000 | 60000 |
| 6 | ഭവന പുനരുദ്ധാരണം, 35/17 | 850000 | 420000 |
| | ആകെ | 1340000 | 855000 |

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-19 തുടർ സാക്ഷരത – ജില്ലാ മിഷനിൽനിന്ന് തിരികെ ലഭിക്കാനുള്ളത് 145552 രൂപ

ഗ്രാമപഞ്ചായത്തിലെ രണ്ട് തുടർ വിദ്യാകേന്ദ്രങ്ങളിലെ സാക്ഷരതാ പ്രേരക്മാരുടെ ഓണറേറിയം ഇനത്തിൽ തനത് ഫണ്ടിൽനിന്ന് ചെലവഴിച്ച തുക സാക്ഷരതാ മിഷനിൽനിന്ന് തിരികെ ലഭിച്ചിട്ടില്ല. 2015 സെപ്റ്റംബർ മുതലുള്ള 145552 രൂപയാണ് ഇപ്രകാരം ക്രമീകരിക്കാനവശേഷിക്കുന്നത്. വിശദാംശം ചുവടെ.

| വർഷാരംഭത്തിൽ ലഭിക്കാനുണ്ടായിരുന്ന തുക | തൻവർഷം ചെലവഴിച്ച തുക | ആകെ തുക | തൻവർഷം മിഷനിൽനിന്ന് ലഭിച്ച തുക | ലഭിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 451440 | 100752 | 552192 | 406640 | 145552 |

ജില്ലാ മിഷനിൽനിന്ന് 145552രൂപ തിരികെ ലഭിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-20 ഐ.എ.വൈ പദ്ധതിയിൽ ആരംഭിച്ച ഭവനനിർമ്മാണം ഇനിയും പൂർത്തീകരിക്കുവാൻ ബാക്കി

എ.എ.വൈ പദ്ധതിയിൽ ആരംഭിച്ച ഭവനനിർമ്മാണ പ്രവൃത്തികളിൽ ചുവടെ ചേർക്കുന്നവ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

| ക്രമനം. | ഗുണഭോക്താവിന്റെ | എഗ്രിമെന്റ് | കൈമാറിയ | പണി |
|---|---|---|---|---|

| | പേരും വിലാസവും | വെച്ച വർഷം | തുക | പൂർത്തീകരിച്ച ഘട്ടം |
|---|---|---|---|---|
| | തങ്കമ്മ കുഞ്ഞച്ചൻ, കഴിപ്പറമ്പിൽ, പുല്ലാട് | 2012-13 | 24250 | ബേയ്സ്മെന്റ് |
| | ജോളി ജെയിംസ്, കാറ്റാടിയിൽ, വാർഡ്-8 | 2013-14 | 17500 | -ടി- |
| | രേഖ.കെ, ആല്വനിൽക്കുന്നതിൽ, വാർഡ്-4 | 2013-14 | 24250 | ബേയ്സ്മെന്റ് |
| | വസുമതി രാമൻ, പൊര്യയ്ക്കൽ, വാർഡ്-15 | 2013-14 | 77500 | ഭിത്തി |
| | സുജാത രാജേഷ്, നെട്ടുമണ്ണിൽ, വാർഡ്-7 | 2013-14 | 91500 | -ടി- |
| | മീന, തെറ്റുപാറയ്ക്കൽ, പുല്ലാട്, വാർഡ്-7 | 2014-15 | 150000 | -ടി- |
| | ശിവരാമൻ, ചിറയിൽ, പുല്ലാട്, വാർഡ്-15 | 2015-16 | 17500 | ബേയ്സ്മെന്റ് |
| | ബിന്ദു റാണി.കെ, പൊര്യയ്ക്കൽ, വാർഡ്-15 | 2015-16 | 111500 | ഭിത്തി |

പണി പൂർത്തീകരിക്കുവാൻ ബാക്കിനിൽക്കുന്ന ടി കെട്ടിടങ്ങളുടെ നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുകയോ ആയത് സാധിക്കാത്തപക്ഷം ആർ.ആർ നടപടികളിലൂടെ ഗുണഭോക്താക്കാളിൽ നിന്ന് തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (2016-17)

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2000000 | എസ്.സി കുട്ടികൾക്ക് ലാപ്ടോപ്പ് | 1434000 | 566000 |
| ജില്ലാ പഞ്ചായത്ത് | 50000 | എ.ബി.സി പ്രോഗ്രാം | 50000 | 0 |
| ജില്ലാ പഞ്ചായത്ത് | 4000000 | ക്രിമറ്റോറിയം നിർമ്മാണം | 0 | 4000000 |
| ജില്ലാ പഞ്ചായത്ത് | 500000 | പാലിയേറ്റീവ് കെയർ | 446510 | 53490 |
| ബ്ലോക്ക് പഞ്ചായത്ത്, കോയിപ്രം | 200000 | പാലിയേറ്റീവ് കെയർ | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, കോയിപ്രം | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| KWA | കിഴക്കേ വെള്ളിക്കര കഴൽക്കിണർ അറ്റകുറ്റപ്പണി | 15400 | പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല |
| | കാഞ്ഞിരപ്പാറ തെക്കേച്ചരുവിൽ കോളനി കുടിവെള്ള പദ്ധതി | 294000 | |
| KSEB | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 293850 | |
| | പഞ്ചായത്ത് ഓഫീസിന സമീപം സ്ഥാപിച്ചിട്ടുള്ള എച്ച്.റ്റി.ഡി.പി വൈദ്യുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 110440 | 110440 |
| | 2,3,15 എന്നീ വാർഡുകളിൽ വൈദ്യുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 129782 | 129782 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കൺവീനർ | ബിൽ വൗച്ചർ നമ്പർ | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|---|
| ഇല്ല | | | | | | | |

## 4-4 വായ്പ / വിനിയോഗം എന്നിവയുടെ വിവരം

(i)

| ക്രമ നം. | 2016-17 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിയ്ക്കാൻ അവശേഷിക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിയത് സംബന്ധിച്ച വിവരം |
|---|---|---|---|---|---|
| ഇല്ല | | | | | |

(ii) വായ്പ തിരിച്ചടവിന്റെ വിവരം

| വായ്പയുടെ ഉദ്ദേശ്യം | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | 26934750 | 9742873 | 5003425 | 0 | 4739448 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 6080808 |
| തൻവർഷം നിക്ഷേപിച്ച തുക | 546462 |
| ആകെ | 6627270 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 6627270 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| എഫ്ഡി 445047 (കേരള ഗ്രാമീൺ ബാങ്ക്) | 1332717 |
| എഫ്ഡി 445048 (കേരള ഗ്രാമീൺ ബാങ്ക്) | 2489022 |
| എഫ്ഡി 42442 (DCBപത്തനംതിട്ട) | 348709 |
| എഫ്ഡി 17518 (DCBപത്തനംതിട്ട) | 2456822 |
| ആകെ | 6627270 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ഓഡിറ്റ് കാലയളവിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയതി |
|---|---|---|---|---|
| ഇല്ല | | | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 52525336 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 45607297 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3950000 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-9 | 450000 | ശ്രീമതി ബീന എലിസബത്ത്, വെറ്ററിനറി സർജൻ |
| 3-13 | 3500000 | ശ്രീമതി ശാന്തകുമാരി.ജി., അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 3950000 | |

സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക |
|---|---|
| ഇല്ല | |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| |
|---|
| ഖണ്ഡിക നം : ഇല്ല |

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ശാന്തകുമാരി ജി, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, കോയിപ്രം ഗ്രാമപഞ്ചായത്ത് | ചന്ദ്രമംഗലത്ത് ഇല്ലം, ആറ്റുവ, ഐരാണിക്കുടി(പി.ഒ) മാവേലിക്കര |
| ശ്രീമതി ബീന എലിസബത്ത്, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, കോയിപ്രം ഗ്രാമപഞ്ചായത്ത് | മുല്ലമംഗലത്ത്, ഇരവിപേരൂർ പി.ഒ. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|

| | |
|---|---|
| 1996-97 (ഡി.സി.ബി) | എൽ.എഫ്.പി.റ്റി.എ.പി3/273/08 തീയതി 31.10.2008/06.11.2009 |
| 1997-98(ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി3/68/99 തീയതി 09.02.99/06.03.99 |
| 1997-98 (ഡി.സി.ബി) | എൽ.എഫ്.പി.റ്റി.എ.പി5/274/08 തീയതി 24.12.2008/06.11.2009 |
| 1998-99(ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി3/568/99 തീയതി 29.04.2000/12.05.2000 |
| 1998-99 (ഡി.സി.ബി) | എൽ.എഫ്.പി.റ്റി.എ.പി7/09/10 തീയതി 12.07.2010/29.07.2011 |
| 1999-00(ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി3/826/02 തീയതി 09.06.2005/17.06.2005 |
| 2000-01(ജ.ആ) | എൽ.എഫ്.പി.റ്റി.എ.പി3/156/04 തീയതി18.05.2004/27.07.2004 |
| 2000-01(ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി3/696/05 തീയതി08.02.2006/31.03.2006 |
| 2000-01 | എൽ.എഫ്.പി.റ്റി.എ.പി7/49/10 തീയതി 12.07.2010 |
| 2001-02(വരവ്-ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി7/50/10 തീയതി 4.10.10/29.07.2011 |
| 2002-03(ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി5/702/06 തീയതി 17.03.2007/15.12.2007 |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി7/207/09 തീയതി 27.02.2010/22.10.2011 |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി7/208/09 തീയതി 15.02.2009/28.10.2011 |
| 2005-06 | എൽ.എഫ്.പി.റ്റി.എ.പി7/209/0തീയതി 27.02.2009/28.10.2011 |
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി5/1097/11 തീയതി 30.12.2011/01.04.2014 |
| 2007-08 | എൽ.എഫ്.പി.റ്റി.എ.പി5/1098/11 തീയതി 30.12.2011 |
| 2008-09 | എൽ.എഫ്.പി.റ്റി.എ.പി5/1099/11 തീയതി 02.01.2012 |
| 2009-10 | എൽ.എഫ്.പി.റ്റി.എ.പി5/100/11 തീയതി 30.12.12/03.04.2014 |
| 2010-11 & 2011-12 | എൽ.എഫ്.പി.റ്റി.എ.പി8/801/2011 തീയതി11.02.2014/08.08.2014 |
| 2012-13 | കെ.എസ്.എ.പി.റ്റി.എ പി8/276/2015 തീയതി 07.08.2015 |
| 2013-14 & 2014-15 | നം.കെ.എസ്.എ.പി.റ്റി.എ.പി.8. 115/2016 തീയതി: 06.02.2016 |
| 2015-16 | നം.കെ.എസ്.എ.പി.റ്റി.എ.പി.8. 31/2017 തീയതി: 31.01.2017 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി8.1039/2017 തീയതി :11.09.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ കോയിപ്രം ഗ്രാമ പഞ്ചായത്തിന്റെ 2016-17വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-6-ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കോയിപ്രം ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

## Annexure-1

## AUDIT CERTIFICATE

No.K.S.A.PTA.P8-1039/2017 Date : 11.09.2017

Certified that I have examined the Annual Financial Statement of KOIPRAM Grama Panchayat in Pathanamthitta district for the year ended on 31.03.2017 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of KOIPRAM Grama Panchayat for the year 2016-17 except the obeservations in the para 1-6 of my report, properly presents the picture of income and expenditure.

HABEEB MOHAMMED

Deputy Director

Kerala State Audit Department

Pathanamthitta